بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 8

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

ലക്കം 27

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadr.in

2023 ജൂലായ് 06/ ഹി.ശം 1402 വഫാ 06/ ഹി:ഖ 1444 ദുൽഹജ്ജ് 17

## അല്ലാഹുവിന്റെ വചനം

وَلَا تَمۡشِ فِی الۡاَرۡضِ مَرَحًا ۚ اِنَّکَ لَنۡ تَخۡرِقَ الۡاَرۡضَ وَلَنۡ تَبۡلُغَ الۡجِبَالَ طُوۡلًا ﴿۳۸﴾

'നീ ഭൂമിയിൽ അഹന്തകാട്ടി നടക്കരുത്. കാരണം, നീ ഒരിക്കലും ഭൂമിയെ പിളർക്കുകയില്ല. ഉയരത്തിൽ പർവതങ്ങളോളമെത്തുകയുമില്ല..'

(വിശുദ്ധ ഖുർആൻ17:38)

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്വ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽ മുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലുമുണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

## തിരുനബിയുടെ തിരുമൊഴികൾ

(2397)ഹദ്റത്ത് ആഇശാ(റ)പറയുന്നു: നബി(സ)തിരുമേനി നമസ്കാരത്തിൽ ഇപ്രകാരം പ്രാർഥിക്കാറുണ്ട്. അല്ലാഹുവേ! പാപത്തെതൊട്ടും കടത്തെ തൊട്ടും ഞാൻ നിന്നോടു രക്ഷ തേടുന്നു. ഒരാൾ ചോദിച്ചു, പ്രവാചകരേ! അങ്ങ് കടത്തിൽ നിന്ന് രക്ഷതേടുന്നതിനെ വർധിപ്പിക്കുന്നുവല്ലോ? നബി(സ)തിരുമേനി പറഞ്ഞു:"തീർച്ചയായും ഒരു മനുഷ്യൻ കടക്കാരനായാൽ, സംസാരിക്കുമ്പോൾ കളവു പറയും. കരാർ ചെയ്താൽ ലംഘിക്കും." നബി(സ)തിരുമേനി ഈ ദുആ ചെയ്യാറുണ്ടായിരുന്നു:"മനോവേദനയിൽനിന്നും ദുഃഖത്തിൽനിനന്നും അല്ലാഹുവേ ഞാൻ നിന്നോടു അഭയം തേടുന്നു. ബലഹീനതയിൽ നിന്നും അലസതയിൽനിന്നും ഞാൻ നിന്നോടു അഭയം തേടുന്നു. മാത്രമല്ല ഭീരുത്വത്തിൽനിന്നും പിശുക്കിൽ നിന്നും ഞാൻ നിന്നോടു അഭയം തേടുന്നു. കടം വർധിക്കുന്നതിൽ നിന്നും ജനങ്ങളിൽ നിന്നുമുള്ള ബലപ്രയോഗത്തിൽനിന്നും ഞാൻ നിന്നോടു അഭയം തേടുന്നു."

(സ്വഹീഹുൽ ബുഖാരി വാല്യം 4, കിതാബുൽഇസ്തിഖ്റാള്, പ്രസാധനം 2008 ഖാദിയാൻ)

**ഞാൻ നിങ്ങളെ ഉദ്ബോധിപ്പിക്കുകയാണ്. ഖിലാഫത്തുമായും ഖിലാഫത്ത് വ്യവസ്ഥിതിയുമായും ആത്മാർഥ ബന്ധം പുലർത്തുക. ഇസ്‌ലാമിന്റെ വിജയം ഇന്ന് അഹ്മദിയ്യാ ഖിലാഫത്തുമായിട്ടാണ് ബന്ധപ്പെട്ടിരിക്കുന്നത്. .**

**(ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് 14??/04/2014)**

### ഈ ലക്കത്തിൽ

ജുമുഅ ഖുത്ബ 2023 ജൂൺ02 (സമ്പൂർണ തർജമ)

ജൽസാ സാലാന ജർമനി സമാപന പ്രഭാഷണം ചോദ്യോത്തര രൂപത്തിൽ

നമസ്കാരം ഹദ്റത്ത് മസീഹ് മൗഊദ്(അ)

ആഗതരാകുന്ന ദൈവനിയോഗിതരുടെ പ്രകൃതിയിലും ഒരു കാര്യമുണ്ട്. അതെന്താണ്? സൃഷ്ടികളോടുള്ള ദയയും മനുഷ്യകുലത്തിന് നന്മചെയ്യുന്നതിനുള്ള അലിവുമാണത്. നബി(സ)തിരുമേനിക്ക് അതിരറ്റ നിലയിൽ ഈ ദയയും അലിവുമുണ്ടായിരുന്നുവെന്ന് വിശുദ്ധ ഖുർആനിൽനിന്ന് മനസ്സിലാകുന്നുണ്ട്.

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

വിശുദ്ധ ഖുർആനിൽനിന്ന് ഇതും മനസ്സിലാകുന്നുണ്ട്, അതായത് നബി(സ)തിരുമേനിക്ക് എത്രമാത്രം മനോവേദനയും ഉത്കണ്ഠയുമായിരുന്നു ഉണ്ടായിരുന്നത്. അല്ലാഹു പറഞ്ഞു:*ലഅല്ലക്ക ബാഖിഉൻനഫ്സക്ക അല്ലാ യകൂനൂ മുഅ്മിനീൻ* അവർ വിശ്വാസികളാകാത്ത കാരണത്താൽ(ദുഃഖം നിമിത്തം)നീ നിന്റെ ജീവനെ നശിപ്പിച്ചേക്കുമോ?(26:4)ഒരു നബിയും കേവലം വാക്കുകളുമായിട്ടല്ല വരുന്നത്. പ്രത്യുത തങ്ങളുടെ ഉള്ളിൽ അവർ ഒരു മനോവേദനയും ഉത്കണ്ഠയും വെക്കുന്നുണ്ട്. അത് അവരുടെ ജനതയുടെ പരിഷ്കരണത്തിനുവേണ്ടിയാണ്. ഈ മനോവേദനയും ഗതിമുട്ടുന്ന അവസ്ഥയും കൃത്രിമമായിട്ടൊന്നുമുണ്ടാകുന്നതല്ല. പ്രത്യുത ഒരു മാതാവ് തന്റെ കുട്ടിയെ പരിപാലിക്കുന്നതിൽ വ്യാപൃതയായിരിക്കുന്നതുപോലെ സ്വാഭാവികമായും കടപ്പാടുള്ളതുകൊണ്ടാണ് അതുണ്ടാകുന്നത്. ഏതെങ്കിലും മാതാവ് തന്റെ കുഞ്ഞിന് പാലു കൊടുക്കാതിരിക്കുകയും അങ്ങനെ അവളുടെ ഒന്നുരണ്ടു കുട്ടികൾ മരിച്ചുപോകുകയും ചെയ്താലും അവൾക്കു മാപ്പുകൊടുക്കുമെന്നും അവൾ ചോദ്യം ചെയ്യപ്പെടുകയില്ലെന്നും രാജാവ് കൽപിച്ചാലും, രാജാവിന്റെ ഈ കൽപനയിൽ ഏതെങ്കിലും മാതാവ് സന്തോഷിക്കുമോ? ഒരിക്കലുമില്ല. എന്നല്ല രാജാവിനെ ചീത്തപറയുകയും ചെയ്യും. അവൾക്ക് കുഞ്ഞിനു പാലു കൊടുക്കാതിരിക്കാൻ കഴിയില്ല. ഇക്കാര്യം അവളുടെ പ്രകൃതത്തിൽ സ്വാഭാവികമായിട്ടുള്ളതാണ്. പാലു കൊടുക്കുന്നതിൽ അവൾക്കൊരിക്കലും സ്വർഗത്തിൽ പോകുന്നതോ അതിന് പ്രതിഫലംപറ്റുന്നതോ ലക്ഷ്യമോ പരിഗണനാർഹമോ ആകുകയില്ല. ഈ ആവേശം പ്രകൃതിപരമായിട്ടുള്ളതാണ്. അത് പ്രകൃതി അവൾക്ക് നല്കിയതാണ്. ഇക്കാര്യമില്ലായിരുന്നെങ്കിൽ മൃഗങ്ങളുടെ തള്ളകളോ, ആടോ, എരുമയോ, പശുവോ, അല്ലെങ്കിൽ തള്ളപ്പക്ഷികളോ അവയുടെ കുട്ടികളുടെ പരിപാലനത്തിൽനിന്ന് വേർപെട്ടുപോകുമായിരുന്നു. ഒരു പ്രകൃതിയുണ്ട്. ഒരു ബുദ്ധിയുണ്ട്. ഒരു ആവേശമുണ്ട്. മാതാക്കൾക്ക് തങ്ങളുടെ കുട്ടികളുടെ പരിപാലനത്തിൽ വ്യാപൃതരാകുക എന്നത് പ്രകൃതിയാണ്. അതുപോലെതന്നെ ആഗതരാകുന്ന ദൈവനിയോഗിതരുടെ പ്രകൃതിയിലും ഒരു കാര്യമുണ്ട്. അതെന്താണ്? സൃഷ്ടികളോടുള്ള ദയയും മനുഷ്യകുലത്തിന് നന്മചെയ്യുന്നതിനുള്ള അലിവുമാണത്. അവർ സ്വാഭാവികമായും ആഗ്രഹിക്കുന്നത് ജനങ്ങൾ സന്മാർഗം പ്രാപിക്കണമെന്നും അല്ലാഹുവിൽ ജീവിതം കരസ്ഥമാക്കണമെന്നുമാണ്.

(മൽഫൂദാത്ത് വാല്യം 1, പേജ്463, പ്രസാധനം 2018 ഖാദിയാൻ)

അഹങ്കാരിയാകുന്നവൻ മനസ്സിലാക്കുന്നത് താൻ പരമമായ സ്ഥാനം പ്രാപിച്ചുവെന്നാണ്. ഇപ്രകാരം അവൻ കൂടുതൽ പുരോഗതി പ്രാപിക്കുന്നതിൽനിന്ന് പിന്തള്ളപ്പെടുന്നു.അഹങ്കരിക്കരുത്. ഇനി നിന്റെ ഉള്ളിൽ എന്തെങ്കിലും സൽഗുണമുണ്ടെങ്കിൽ അതിന്റെ സഹായംകൊണ്ട് ജനതയ്ക്ക് ഗുണമെത്തിക്കുക; നീ ജനതയുടെ നേതാവാകുന്നതിനുവേണ്ടി. ദീനീപരമായ എന്തെങ്കിലും സൽഗുണമുണ്ടെങ്കിൽ അതുമുഖേനജനതയ്ക്ക് ഗുണമെത്തിക്കുക;അല്ലാഹുവിന്റെ ദൃഷ്ടിയിൽ പ്രിയനാകുന്നതിനുവേണ്ടി.

സയ്യിദുനാ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)സൂറ ബനീ ഇസ്റാഈലിലെ 38-ാമത്തെ വചനമായ *വലാ തംശീ ഫിൽഅർളി മറഹൻ ഇന്നക്ക ലൻതഖ്രിഖൽ അർള വലൻ തബ്ലുഗൽജിബാല ത്വൂലൻ* (നീ ഭൂമിയിൽ അഹന്തകാട്ടി നടക്കരുത്. കാരണം, നീ ഒരിക്കലും ഭൂമിയെ പിളർക്കുകയില്ല. ഉയരത്തിൽ പർവതങ്ങളോളമെത്തുകയുമില്ല) എന്നതിന്റെ വ്യാഖ്യാനത്തിൽ പറയുന്നു:

ആദ്യം.........അല്ലാഹുവുമായി അല്ലെങ്കിൽ മറ്റു മനുഷ്യരുമായി ബന്ധപ്പെട്ട സ്വഭാവങ്ങളെ കുറിച്ചാണ് പറയപ്പെട്ടിരിക്കുന്നത്. ഇപ്പോൾ അവന്റെ സത്തയുമായി ബന്ധംവെക്കുന്ന ആ സ്വഭാവങ്ങളെ സംബന്ധിച്ച് ആജ്ഞാപിക്കുകയാണ്. പറയുന്നു, നിങ്ങളുടെ ഉള്ളിൽ എടുത്തുപറയാവുന്ന എന്തെങ്കിലും കാര്യമുണ്ടെങ്കിൽ അതിനെ അഹങ്കാരത്തിന്റെ മാർഗമാക്കരുത്. കാരണം അപ്രകാരം നിങ്ങൾ നന്മകളിൽനിന്ന് പിന്തള്ളപ്പെട്ടുപോകും. ഭാവിയിൽ പുരോഗതിയിലേക്ക് ചുവടുവെക്കാൻ സാധിക്കുകയില്ല. കാരണം അഹങ്കാരിയാകുന്നവൻ മനസ്സിലാക്കുന്നത് താൻ പരമമായ സ്ഥാനം പ്രാപിച്ചുവെന്നാണ്. ഇപ്രകാരം അവൻ കൂടുതൽ പുരോഗതി പ്രാപിക്കുന്നതിൽനിന്ന് പിന്തള്ളപ്പെടുന്നു.

രണ്ടാമതായി ഇതിൽ സൂചിപ്പിച്ചിട്ടുള്ളത് ഹേ മനുഷ്യാ! നിന്റെ വിജയമെന്നത് മാനുഷികമായ വിജയമാണ്. അതുകൊണ്ട് മനുഷ്യന് വിധിക്കപ്പെട്ടതു മാത്രം സന്തോഷിച്ചാൽമതിയെന്നാണ്. നിനക്ക് എത്ര കഴിവുണ്ടായാലും ഭൂമിയെ പിളർത്താൻ കഴിയുകയില്ലെന്ന കാര്യം ഓർക്കുക. അതായത് അതിന് വെളിയിൽപ്പോകാൻ കഴിയില്ല. 'ഖറഖൽ മഫാസത്ത്'എന്നത് അറബിയിലെ ഭാഷാ പ്രയോഗമാണ്. വനത്തിലൂടെ ദീർഘയാത്ര തരണംചെയ്തുപോയി. ഈ അർഥമാണ് ഇവിടെ യോജിക്കുന്നത്. ഇതുകൊണ്ടുള്ള ഉദ്ദേശ്യം എന്തായാലും നീ ഈ ലേകത്താണ് താമസിക്കുന്നത്. നിന്റെ അഭിവൃദ്ധികൾ പരിമിതമാണ്. അതുകൊണ്ട് മറ്റു മനുഷ്യരെക്കൊണ്ടുള്ള നിന്റെ ജീവിതം ദുഷ്കരമാകുംവിധം

(ശേഷം പേജ് 12 ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

(നബി(സ)തിരുമേനിയുടെ സത്ത തന്നെയാണ്) നമ്മുടെ ജീവിതത്തിന്റെ അച്ചുതണ്ട്. അതുകൂടാതെ നമ്മുടെ ദീനും നമ്മുടെ വിശ്വാസവും പൂർണമാകുന്നതല്ല. അല്ലാഹു അയച്ചുതന്നിട്ടുള്ള ശരീഅത്തനുസരിച്ച് പ്രവർത്തിക്കാനും കഴിയുന്നതല്ല.

**നബി(സ)തിരുമേനിയുടെ പരിശുദ്ധജീവചരിത്രവുമായി ബന്ധപ്പെട്ടുള്ള ബദ്ർ യുദ്ധത്തിന്റെ പശ്ചാത്തല വിവരണം.**

മൗലാനാ ഖമറുദ്ദീൻ സാഹിബിന്റെ മകൻ ഖാജ മുനീറുദ്ദീൻ ഖമർ സാഹിബ്, ഡോക്ടർ മിർസാ മുനവ്വർ അഹ്മദ് സാഹിബിന്റെ മകൻ സാഹിബ്സാദ ഡോക്ടർ മിർസാ മുബശ്ശിർ അഹ്മദ് സാഹിബ്, സയ്യിദ് മഹ്മൂദ് അഹ്മദ് സാഹിബ് ഇസ്‌ലാമാ ബാദിന്റെ ഭാര്യ സയ്യിദ അമത്തുൽ ബാസിത് സാഹിബ, ശരീഫ് അഹ്മദ് ബന്ദേശ സാഹിബ് എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസയും.

**ഖുത്ബ ജുമുഅ 2023 ജൂൺ 02/1402 ഇഹ്സാൻ 02**
**മസ്ജിദ് ബൈത്തുൽ ഫുതൂഹ്, മോർഡൻ, ലണ്ടൻ, യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിൽ അസീസ്

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ബദ്രി സ്വഹാബാക്കളുടെ ചരിത്രവും അവരെക്കുറിച്ചുള്ള പരിചയപെടുത്തലും അവരുടെ ത്യാഗങ്ങളെ സംബന്ധിച്ചുള്ളതുമായ ഒരു ഖുത്ബ പരമ്പര ഞാൻ നിർവഹിച്ചിട്ടുണ്ടായിരുന്നു. എന്നാൽ, പലയാളുകളും നബി(സ)തിരുമേനിയുടെ ചരിത്രംകൂടി വിവരിക്കുന്നില്ലെങ്കിൽ ഒരു തൃഷ്ണ ബാക്കിയാകുമെന്നു പറഞ്ഞ് എനിക്കെഴുതുകയുണ്ടായി. കാരണം യഥാർഥ അച്ചുതണ്ട് നബി(സ)തിരുമേനിയുടെ പരിശുദ്ധ അസ്തിത്വംതന്നെയാണ്. അതിനു ചുറ്റുമാണ് സ്വഹാബാക്കൾ വലംവെച്ചിരുന്നത്. അതിനോടുചേർന്നുകൊണ്ടാണ് സ്വഹാബാക്കൾ ത്യാഗങ്ങളുടെ അനിതരസാധാരണമായ നിലവാരം കരസ്ഥമാക്കിയതും പുതിയ പുതിയ മാർഗങ്ങളെക്കുറിച്ച് പഠിച്ചതും തൗഹീദ് പ്രചരിപ്പിച്ചതും. അവർ സ്വയം അതിന്റെ കർമമാതൃകകൾ ആകുന്നതിനുള്ള നിലവാരം സ്വായത്തമാക്കി. അതു നബി(സ)തിരുമേനിയുടെ ഖുവ്വത്തെഖുദ്സിയക്കും(പവിത്രമായശക്തി)അവിടന്ന് അല്ലാഹുവിന്റെ പ്രത്യേക സ്നേഹഭാജനമാണെന്നതിനുമുള്ള തെളിവാകുന്നു. ചുരുക്കത്തിൽ നബി(സ)തിരുമേനിയുടെ ചരിത്രം വിവരിക്കേണ്ടതും അനിവാര്യമാണ്.

നബി(സ)തിരുമേനിയുടെ ചരിത്രത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് വ്യത്യസ്ത സന്ദർഭങ്ങളിൽ കഴിഞ്ഞുകടന്ന വർഷങ്ങളിൽ ഞാൻ നിർവഹിച്ച ഖുത്ബകളിൽ പ്രതിപാദിച്ചിട്ടുണ്ട്. എങ്കിലും നബി(സ) തിരുമേനിയുടെ ഐതിഹാസികമായ വിവരണത്തെ പരിമിതപ്പെടുത്താൻ സാധ്യമല്ല. അതിന്റെ ഓരോരോ സംഭവങ്ങളെയും വലയംചെയ്യാൻ നിരവധി ഖുത്ബകൾത്തന്നെ മതിയാകുന്നതല്ല. ഈ ചരിത്രം ഇൻശാ അല്ലാഹ് സന്ദർഭോചിതം വിവരിക്കപ്പെടുന്നതായിരിക്കും. ഓരോ ഖുത്ബയിലും പ്രഭാഷണത്തിലും ഏതെങ്കിലുമൊക്കെ ഒരു കാര്യത്തെക്കുറിച്ച് വിവരിക്കപ്പെട്ടുകൊണ്ടിരിക്കുന്നുമുണ്ട്. കാരണം ഇതു തന്നെയാണ് നമ്മുടെ ജീവിതത്തിന്റെ അച്ചുതണ്ട്. അതുകൂടാതെ നമ്മുടെ ദീനും നമ്മുടെ വിശ്വാസവും പൂർണമാകുന്നതല്ല. അല്ലാഹു അയച്ചുതന്നിട്ടുള്ള ശരീഅത്തനുസരിച്ച് പ്രവർത്തിക്കാനും കഴിയുന്നതല്ല. ഏതായാലും ഈ സമയത്ത് ബദ്ർ യുദ്ധത്തെ ആസ്പദമാക്കി നബി(സ)തിരുമേനിയുടെ ചരിത്രവശങ്ങളും സംഭവങ്ങളും വിവരിക്കുന്നതായിരിക്കും. ഇത് തുടർന്നും കുറച്ചു ഖുത്ബകളിൽ പ്രതിപാദിക്കപ്പെടുന്നതാണ്.

നബി(സ)തിരുമേനിയുടെ മാതൃക തന്നെയാണ് സ്വഹാബാക്കളിൽ നിർലോഭമായ ത്യാഗം ചെയ്യാനുള്ള ആവേശമുണ്ടാക്കിയത്. ഈ ആവേശം നൽകിക്കൊണ്ട് അവരെ ഉന്നതരിലും ശുഹദാക്കളിലും ദൈവപ്രീതി ആർജ്ജിച്ചവരിലും അല്ലാഹു സ്നേഹിക്കുന്നവരിലും അല്ലാഹുവിനെ സ്നേഹിക്കുന്നവരിലും അവൻ ഉൾപ്പെടുത്തുകയുണ്ടായി. അതിന്റെ മാതൃകകൾ നാം നമ്മുടെ ജീവിതങ്ങളിൽ കണ്ടതാണ്. ചുരുക്കത്തിൽ ഈ യുദ്ധത്തിന്റെ വെളിച്ചത്തിലും നബി(സ)തിരുമേനിയുടെ മാതൃക വിവരിക്കപ്പെണ്ടേണ്ടത് അനിവാര്യമാണ്.

യുദ്ധസംഭവങ്ങൾക്കുമുമ്പേ യുദ്ധത്തിന് കാരണമായ കാര്യങ്ങളെക്കുറിച്ചും വിവരിക്കേണ്ടതുണ്ട്. അതിനാൽ, ആദ്യം ഞാൻ ചുരുങ്ങിയ രീതിയിൽ അതിന്റെ പശ്ചാത്തലം വിവരിക്കാം. ഈ പശ്ചാത്തലത്തിലും നബി(സ)തിരുമേനിയുടെ ചരിത്രവും അവിടന്ന് കൊണ്ടുവന്ന മനോഹരമായ അധ്യാപനത്തിന്റെ വിവിധ വശങ്ങളും പ്രകടമാകുന്നുണ്ട്. ബദ്ർ യുദ്ധത്തിനുള്ള കാരണത്തെ കുറിച്ച് വിവരിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ബശീർ അഹ്മദ്സാഹിബ്(റ) *സീറത്ത് ഖാത്തമുന്നബിയ്യീൻ* എന്ന ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നു: നബി(സ)തിരുമേനിയുടെ മക്ക ജീവിതത്തിൽ ഖുറയ്ശികൾ മുസ്‌ലിമീങ്ങളോട് ചെയ്ത അക്രമവും ഇസ്‌ലാമിനെ തുടച്ചു നീക്കാൻ അവർ അവലംബിച്ച ഉപായങ്ങളും വാസ്തവത്തിൽ ഏതു കാലഘട്ടത്തിലാണെങ്കിലും ഏതു അവസ്ഥക്കുകീഴിലാണെങ്കിലും രണ്ടു സമൂഹങ്ങൾ തമ്മിൽ യുദ്ധം പൊട്ടിപ്പുറപ്പെടാൻ മതിയായതാണ്. ചരിത്രത്തി നിന്ന് മനസ്സിലാക്കാൻ കഴിയുന്നത് വളരെ നിന്ദാവഹമായ പരിഹാസവും വളരെയേറെ മാനസിക പ്രയാസങ്ങളുമുണ്ടാക്കുന്ന കാര്യങ്ങൾക്കും പുറമെ മക്കയിലെ നിഷേധികൾ മുസ്‌ലിമീങ്ങളെ ഏകദൈവത്തെ ആരാധിക്കുന്നതിൽനിന്നും തൗഹീദു പ്രഖ്യാപനത്തിൽനിന്നും ബലം പ്രയോഗിച്ച് തടയുകയും അവരെ നിർദാക്ഷിണ്യം മർദിക്കുകയുമുണ്ടായി. അവരുടെ സമ്പത്ത് അനാവശ്യമായി പിടിച്ചടക്കുകയും അവരെ ബഹിഷ്കരിച്ചുകൊണ്ട് നശിപ്പിക്കാനും ഇല്ലായ്മ ചെയ്യാനും പരിശ്രമിക്കുകയും ചെയ്തു. അവരിൽ ചിലരെ നിഷ്ഠൂരമായി കൊലപ്പെടുത്തി. അവരുടെ സ്ത്രീകളെ അപമാനിച്ചു. എത്രത്തോളമെന്നാൽ ഈ ദ്രോഹങ്ങളിൽ അസ്വസ്ഥരായിക്കൊണ്ട് നിരവധിമുസ്‌ലിമീങ്ങൾ മക്ക ഉപേക്ഷിച്ചു അബ്സീനയിലേക്ക് പലായനം ചെയ്തു. എന്നിട്ടും ഖുറയ്ശികൾ ക്ഷമിച്ചില്ല. നജ്ജാശിയുടെ സന്നിധിയിൽ തങ്ങളുടെ ഒരു സംഘത്തെ അയച്ചുകൊണ്ട് എങ്ങനെയെങ്കിലും ഈ പലായനം ചെയ്തവരെ മക്കയിലേക്ക് തിരിച്ചുവരുത്താനും ശ്രമിക്കുകയുണ്ടായി. അങ്ങനെ തങ്ങൾക്ക് അവരെ ഇസ്‌ലാമിൽനിന്ന് പിന്തിരിപ്പിക്കുന്നതിൽ വിജയംനേടാമെന്നോ അല്ലെങ്കിൽ അവരെ ഇല്ലാതാക്കാമെന്നോ ഖുറയ്ശികൾ കരുതി. തുടർന്ന് മുസ്‌ലിമീങ്ങൾ തങ്ങളുടെ ജീവനെക്കാളും സ്നേഹിക്കുന്ന അവരുടെ നേതാവും യജമാനനുമായ നബി(സ)തിരുമേനിയെ പ്രയാസത്തിലാക്കാമെന്നാണ് അവർ കരുതിയത്. അങ്ങനെ എല്ലാ പ്രയാസങ്ങളിലും അവർ അകപ്പെടുത്തി. ഖുറയ്ശികളുടെ ആളുകൾ ത്വാഇഫിൽ അല്ലാഹുവിനെ കുറിച്ച് പറഞ്ഞ കാരണത്താൽ നബി(സ)തിരുമേനിയെ കല്ലെറിഞ്ഞോടിക്കുകയുണ്ടായി. എത്രത്തോളമെന്നാൽ നബി(സ)തിരുമേനിയുടെ തിരുശരീരം ചോരകൊണ്ട് ആർദ്രമായി. അവസാനം മക്കയുടെ പൊതു പാർലമെന്റ് എല്ലാ ഖുറയ്ശി ഗോത്രത്തലവന്മാരും ഒരുമിച്ചു ചേർന്നുകൊണ്ട് നബി(സ)തിരുമേനിയെ വധിക്കാമെന്നും അങ്ങനെ ഇസ്‌ലാമിനെ നാമാവശേഷമാക്കാമെന്നും തൗഹീദ് എന്നെന്നേക്കുമായി അവസാനിപ്പിക്കാമെന്നും തീരുമാനമെടുത്തു. പിന്നെ ഈ വധോദ്യമ പ്രഖ്യാപനത്തെ പ്രാവർത്തികമാക്കുന്നതിന് വിവിധ ഖുറയ്ശി സമൂഹത്തിൽപ്പെട്ട മക്കയിലെ യുവാക്കൾ രാത്രിനേരത്ത് സംഘമായി ചേർന്ന് നബി(സ)തിരുമേനിയുടെ വീട് ആക്രമിച്ചു. എന്നാൽ, അല്ലാഹു നബി(സ) തിരുമേനിയെ സംരക്ഷിച്ചു. നബി(സ)തിരുമേനി അവരുടെ കണ്ണിൽ പൊടിയിട്ടുകൊണ്ട് തന്റെ വീട്ടിൽനിന്ന് പുറപ്പെട്ടു. ഥൗർ ഗുഹയിൽ അഭയം തേടി. ഈ ദ്രോഹങ്ങളും വധോദ്യമ പ്രഖ്യാപനവും ഖുറയ്ശികളുടെ ഭാഗത്തുനിന്നുള്ള യുദ്ധപ്രഖ്യാപനം തന്നെയായിരുന്നില്ലേ? ഈ സാഹചര്യങ്ങളുണ്ടായിട്ടും ബുദ്ധിമാനായ ഒരാൾക്ക് മക്കയിലെ ഖുറയ്ശികൾ ഇസ്‌ലാമിനും മുസ്‌ലിമീങ്ങൾക്കുമെതിരിൽ സംഘടിച്ചില്ലെന്ന് ചിന്തിക്കാൻ കഴിയുമോ? മുസ്‌ലിമീങ്ങൾക്കു നേരെയുള്ള ഖുറയ്ശികളുടെ ഈ ആക്രമണങ്ങൾ മുസ്‌ലിമീ

ങ്ങൾക്ക് പ്രതിരോധിക്കാനുള്ള മതിയായ കരണമായിരുന്നില്ലേ? ലോകത്തു ആത്മാഭിമാനമുള്ള ഏതെങ്കിലും ഒരു സമൂഹം സ്വയം ആത്മഹത്യക്ക് തയ്യാറെടുക്കാത്തിടത്തോളം ഇത്തരത്തിലുള്ള അവസ്ഥയുണ്ടാകുമ്പോൾ ഖുറയ്ശികൾ മുസ്‌ലിംകൾക്കു നൽകിയ ഇത്തരത്തിലുള്ള അന്ത്യശാസനം സ്വീകരിക്കാതെ പിന്മാറുമോ? തീർച്ചയായും മുസ്‌ലിമീങ്ങളുടെ സ്ഥാനത്ത് മറ്റേതെങ്കിലും സമൂഹം ആയിരുന്നാലും ഇതിനേക്കാളൊക്കെ എത്രയോമുമ്പേ ഖുറയ്ശികൾക്കെതിരിൽ യുദ്ധമൈതാനത്ത് ഇറങ്ങുമായിരുന്നില്ലേ? എന്നാൽ, മുസ്‌ലിമീങ്ങൾക്ക് അവരുടെ നേതാവിന്റെ ഭാഗത്തുനിന്ന് ക്ഷമയുടെയും സഹനത്തിന്റെയും കല്പനയാണുണ്ടായിരുന്നത്. തുടർന്നെഴുതുന്നു:

മക്കയിൽ ഖുറയ്ശികളുടെ ദ്രോഹം വർധിച്ചപ്പോൾ അബ്ദുർറഹ്മാൻ ബിൻ ഔഫും മറ്റു സ്വഹാബാക്കളും നബി(സ)തിരുമേനിയുടെ സന്നിധിയിലെത്തി ഖുറയ്ശികൾക്കെതിരെ പോരാടാൻ അനുമതി ചോദിച്ചു. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'ഇന്നീ ഉമിർത്തു ബിൽ അഫ്‌വി ഫലാ തുഖാത്തിലൂ.' അതായത് എനിക്ക് ഇതുവരെയും പൊറുമയെക്കുറിച്ചുള്ള കല്പനയാണ് കിട്ടിയിട്ടുള്ളത്. അതുകൊണ്ട് നിങ്ങൾക്ക് യുദ്ധം ചെയ്യാനുള്ള അനുമതി നൽകാൻ സാധ്യമല്ല. തുടർന്ന് സ്വഹാബാക്കൾ ദീനിന്റെ മാർഗത്തിൽ എല്ലാത്തരം പ്രയാസങ്ങളും അവഹേളനങ്ങളും സഹിക്കുകയുണ്ടായി. പക്ഷേ, ക്ഷമയുടെ കോന്തല കൈവിട്ടില്ല. എത്രത്തോളമെന്നാൽ അവസാനം ഖുറയ്ശികൾ അക്രമങ്ങളുടെ പരിധി ലംഘിച്ചു. അങ്ങനെ ദൈവദൃഷ്ടിയിൽ ന്യായപൂർത്തിയുടെ സമയം പൂർണമായി. അപ്പോഴും അല്ലാഹു തന്റെ ദാസനോട് കല്പിച്ചത്, 'നീ ഈ പ്രദേശത്തുനിന്നു പോകുക, ഇപ്പോൾ കാര്യങ്ങൾ പൊറുമയുടെ പരിധി കടന്നിരിക്കുന്നു. അക്രമകാരികൾ തങ്ങളുടെ തിക്തഫലത്തിലേക്കെത്തുന്ന സമയം സമാഗതമായിരിക്കുന്നു' എന്നാണ്. ചുരുക്കത്തിൽ നബി(സ)തിരുമേനിയുടെ ഹിജ്റത്ത് ഖുറയ്ശികളുടെ അന്ത്യശാസനം സ്വീകരിച്ചതിനുള്ള തെളിവായിരുന്നു. അതിൽ അല്ലാഹുവിന്റെ ഭാഗത്തുനിന്ന് യുദ്ധവിളംബരത്തിന്റെ ഒരു ഗോപ്യമായ സൂചനയുമുണ്ടായിരുന്നു. അത് മുസ്‌ലിമീങ്ങളും നിഷേധികളും മനസ്സിലാക്കിയിരുന്നു. തുടർന്ന് കഅ്ബയുടെ അടുത്ത് ഖുറയ്ശികൾ കൂടിയാലോചന നടത്തുന്ന ദാറുന്നദ്‌വയിൽ കൂടിയാലോചനയുടെ വേളയിൽ ഒരാൾ നബി(സ)തിരുമേനിയെ മക്കയിൽനിന്ന് പുറത്താക്കാമെന്ന് അഭിപ്രായപ്പെട്ടു. എന്നാൽ, ഖുറയ്ശി മൂപ്പന്മാർ നബി(സ)തിരുമേനി മക്കയിൽനിന്ന് പുറത്ത് പോയാൽ തീർച്ചയായും മുസ്‌ലിമീങ്ങൾ നമ്മുടെ അന്ത്യശാസനം സ്വീകരിച്ചുകൊണ്ട് നമുക്കെതിരിൽ രണാങ്കണത്തിൽ ഇറങ്ങുമെന്ന് മനസ്സിലാക്കിക്കൊണ്ട് പ്രസ്തുത അഭിപ്രായം നിരാകരിക്കുകയാണ് ചെയ്തത്. മദീനയിലെ അൻസ്വാറിനു മുന്നിൽ രണ്ടാം അഖബ ബയ്അത്തിന്റെ അവസരത്തിൽ നബി(സ)തിരുമേനിയുടെ ഹിജ്റത്തിനെ കുറിച്ചുള്ള വിഷയം വന്നപ്പോൾ അവർ പെട്ടെന്നുതന്നെ ചോദിച്ചു, 'ഇതിന്റെ അർഥം ഞങ്ങൾ എല്ലാ അറബികൾക്കുമെതിരിൽ യുദ്ധം ചെയ്യാൻ തയ്യാറാകണമെന്നാണോ.?' നബി(സ)തിരുമേനി മക്കയിൽ നിന്ന് പുറപ്പെടുകയും മക്കയുടെ മതിലുകൾ വളരെ ദുഖത്തോടെ വീക്ഷിക്കുകയും ചെയ്തുകൊണ്ട് പറഞ്ഞു. 'അല്ലയോ മക്കാ! നീ എനിക്ക് എല്ലാ നാടുകളെക്കാളും ഏറെ പ്രിയപ്പെട്ടതാണ്. പക്ഷേ, നിന്റെ നിവാസികൾ എന്നെ ഇവിടെ താമസിക്കാൻ അനുവദിക്കുന്നില്ല.'അപ്പോൾ അബൂബക്റും ഇങ്ങനെ പറഞ്ഞു. അവർ അല്ലാഹുവിന്റെ റസൂലിനെ തന്റെ നാട്ടിൽ നിന്നും പുറത്താക്കുകയാണോ? ഇനി തീർച്ചയായും ഇവർ നശിപ്പിക്കപ്പെടുന്നതാണ്.

പറഞ്ഞതിന്റെ ചുരുക്കമിതാണ്, നബി (സ)തിരുമേനി മക്കയിൽ വസിച്ച കാലമത്രെയും എല്ലാതരത്തിലുള്ള ദ്രോഹങ്ങളും സഹിക്കുകയാണ് ചെയ്തത്. പക്ഷേ,ഖുറയ്ശികൾക്കെതിരിൽ വാളുയർത്തിയില്ല. കാരണം ഖുറയ്ശികൾക്കെതിരിലെന്തെങ്കിലും നടപടി സ്വീകരിക്കണമെങ്കിൽ ദൈവികസുന്നത്തനുസരിച്ച് അവർക്കുമേൽ ന്യായപൂർത്തി വരുത്തേണ്ടത് അനിവാര്യമായിരുന്നു. അതിനാകട്ടെ സമയം നൽകേണ്ടതുമാണ്. മറുഭാഗത്ത് ദൈവേച്ഛ എന്തായിരുന്നുവെന്നാൽ മുസ്‌ലിമീങ്ങൾ സഹനത്തിന്റെയും ക്ഷമയുടെയും മാതൃക കാണിക്കണമെന്നും അതിനുശേഷം മൗനം അവലംബിക്കുന്നത് ആത്മഹത്യക്ക് തുല്യമാണെന്നും അതൊരു ബുദ്ധിമാന്റെയും വീക്ഷണത്തിൽ ശ്ലാഘനീയമായ കർമമായി ഗണിക്കാൻ സാധ്യമല്ലെന്നുമായിരുന്നു. മൂന്നാമത്തെ കാര്യമെന്തെന്നാൽ മക്കയിൽ ഖുറയ്ശികളുടെ ഒരു തരത്തിലുള്ള ജനാധിപത്യ ഭരണകൂടമാണ് ഉണ്ടായിരുന്നത്. നബി(സ)തിരുമേനി അന്നാട്ടിലെ ഒരു പൗരനായിരുന്നു. ചുരുക്കത്തിൽ രാഷ്ട്രീയപരമായ ശരിയായ നീക്കം മക്കയിൽ താമസിക്കുന്നിടത്തോളം ഭരണകൂടത്തെ അംഗീകരിക്കുക എന്നുള്ളതാണ്. സ്വന്തം നിലയ്ക്ക് സമാധാനഭംഗം ഉണ്ടാക്കുന്ന ഒന്നും ചെയ്യരുത്. കാര്യങ്ങൾ സഹനത്തിന്റെ പരിധി വിടുമ്പോൾ അവിടെനിന്ന് പലായനം ചെയ്യണം. നാലാമത്തെ കാര്യമെന്തായിരുന്നുവെന്നാൽ അല്ലാഹുവിന്റെ വീക്ഷണത്തിൽ നബി(സ)തിരുമേനിയുടെ ജനത തങ്ങളുടെ ചെയ്തികൾ നിമിത്തം ആപത്തുകൾക്ക് അർഹരാവുകയും അവരെ നശിപ്പിക്കുന്നതിനുള്ള സമയം സമാഗതമാകാത്തിടത്തോളം നബി(സ) തിരുമേനി അവർക്കിടയിൽ വസിക്കേണ്ടതാണ്. ആ സമയമെത്തിക്കഴിഞ്ഞാൽ നബി(സ)തിരുമേനി അവിടെനിന്ന് ഹിജ്റത്ത് ചെയ്യണം. കാരണം ദൈവികചര്യയനുസരിച്ച് നബി തന്റെ ജനതയിൽ ഉണ്ടായിരിക്കുന്നിടത്തോളം അവരെ നശിപ്പിക്കുന്നതിനുള്ള ഒരാപത്തും വരുന്നതല്ല. നശിപ്പിക്കുന്നതിനുള്ള ആപത്ത് വരുമ്പോൾ നബിക്ക് അവിടെനിന്ന് പോകാനുള്ള കൽപ്പനയുണ്ടാകും. ഈ കാരണങ്ങളൊക്കെ കൊണ്ടുതന്നെ നബി(സ)തിരുമേനിയുടെ പലായനം നിരവധി സൂചകങ്ങൾ ഉൾക്കൊള്ളുന്നതാണ്. എന്നാൽ, ഖേദകരമെന്ന് പറയട്ടെ ദ്രോഹികളായ സമൂഹം അത് തിരിച്ചറിഞ്ഞില്ല. അവർ അക്രമത്തിലും ദ്രോഹത്തിലും മുന്നേറി. ഖുറയ്ശ് ആ സമയത്തും പിന്മാറിയിരുന്നുവെങ്കിൽ, ദീനീ കാര്യങ്ങളിൽ ബലാൽകാരം ഒഴിവാക്കിയിരുന്നുവെങ്കിൽ, മുസ്‌ലിമീങ്ങളെ സമാധാനത്തോടെ ജീവിക്കാൻ അനുവദിച്ചിരുന്നുവെങ്കിൽ *അർഹമുർറാഹിമീനായ, റഹ്മത്തുൽല്ലിൽ ആലമീ*നായ അവന്റെ റസൂലും തീർച്ചയായും അവർക്ക് മാപ്പു നൽകുമായിരുന്നു. അറബികൾക്ക് രക്തരൂക്ഷിതമായ ദൃശ്യങ്ങൾ കാണേണ്ടിവരുമായിരുന്നില്ല. പക്ഷേ, വിധിയുടെ എഴുത്തുകൾ പൂർത്തിയാകേണ്ടതും അനിവാര്യമായിരുന്നു. നബി(സ)തിരുമേനിയുടെ പലായനം ഖുറയ്ശികളുടെ ശത്രുതയുടെ തീയിലെണ്ണ ഒഴിക്കുന്നതുപോലെയായിരുന്നു. അവർ നേരത്തേതിലും കൂടുതൽ തീവ്രതയോടെ ഇസ്‌ലാമിനെ നശിപ്പിക്കുന്നതിനുവേണ്ടി എഴുന്നേൽക്കുകയുണ്ടായി.

മക്കയിലുണ്ടായിരുന്ന ദരിദ്രരും നിസ്സാഹായരുമായ മുസ്‌ലിമീങ്ങൾക്കുമേൽ ആക്രമണങ്ങൾ നടത്തിയതിനു പുറമെ ഖുറയ്ശികൾച്ചെയ്ത ആദ്യത്തെ പ്രവർത്തി നബി(സ)തിരുമേനി മക്കയിൽ നിന്ന് പുറപ്പെട്ടു എന്നറിഞ്ഞുടൻ അവർ നബി(സ)തിരുമേനിയെ പിന്തുടരാൻ തയ്യാറായി. മക്കാ താഴ്‌വരയുടെ മുക്കിലും മൂലയിലും നബി(സ)തിരുമേനിയെ അന്വേഷിച്ചു തുടങ്ങി. പ്രത്യേകിച്ചും ഥൗർ ഗുഹയുടെ മുഖംവരെയെത്തി. പക്ഷേ, അല്ലാഹു നബി(സ)തിരുമേനിയെ സഹായിച്ചു. ഖുറയ്ശികളുടെ കണ്ണുകളിൽ മറ വീണു. അവർ ലക്ഷ്യസ്ഥാനം വരെ എത്തിയെങ്കിലും പരാജിതരും പരിഹാസ്യരുമായി തിരിച്ചു പോന്നു. അന്വേഷണത്തിൽ അവർ നിരാശരായപ്പോൾ ഇങ്ങനെ പൊതു വിളംബരം നടത്തി: 'മുഹമ്മദിനെ ജീവനോടെയോ അല്ലാതെയോ പിടിച്ചുകൊണ്ടുവരുന്നവർക്ക് നൂറു ഒട്ടകങ്ങൾ സമ്മാനം നൽകുന്നതാണ്.'അതിന്റെ വില ഇന്നത്തെ കാലത്തിനനുസരിച്ച് ഏകദേശം 20000 രൂപയാണ്. ഇത് 1931-ൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് ഈ ഗ്രന്ഥം എഴുതുന്ന കാലത്തെ വിലയാണ്, എന്നാൽ, ഇന്നത്തെ സാഹചര്യത്തിൽ അത് കോടിക്കണക്കിനായിട്ടുണ്ട്. ഏതായിരുന്നാലും നൂറു ഒട്ടകങ്ങൾ നൽകുന്നതാണെന്ന് വിളംബരം ചെയ്യപ്പെട്ടു. കോടിക്കണക്കിനു രൂപയുടെ പ്രലോഭനമായിരുന്നു അത്. ഈ പ്രലോഭനത്തിൽ വിവിധ ഗോത്രങ്ങളിലെ നിരവധി യുവാക്കൾ നബി(സ) തിരുമേനിയെ അന്വേഷിച്ച് നാലുഭാഗത്തേക്കും പുറപ്പെടുകയുണ്ടായി. സുറാഖ ബിൻ മാലിക് പിന്തുടർന്നതും ഈ സമ്മാനത്തിന്റെ വിളംബരം കേട്ടുകൊണ്ടായിരുന്നു. എന്നാൽ, ഈ ആസൂത്രണത്തിലും ഖുറയ്ശികൾക്ക് പരാജയം അഭിമുഖീകരിക്കേണ്ടിവന്നു. ചിന്തിക്കുകയാണെങ്കിൽ രണ്ടു സമൂഹങ്ങൾക്കിടയിൽ യുദ്ധം പൊട്ടിപ്പുറപ്പെടാൻ ഇതും ഒരു മതിയായ കാരണമായിരുന്നു. അതായത് ഒരു ജനതയുടെ നേതാവിനെ കുറിച്ച് മറ്റൊരു സമൂഹം ഇനാം പ്രഖ്യാപിക്കുകയാണ്. (സീറത്തു ഖാത്തമുന്നബിയ്യീൻ, സാഹിബ്സാദ മിർസാ ബശീർ അഹ് മദ് സാഹിബ് എം.എ(റ) പേജ് 298-300)

ഇങ്ങനെ നബി(സ)തിരുമേനി മക്കയിൽനിന്ന് മദീനയിലേക്ക് ഹിജ്റത്ത് ചെയ്തു പോയി. അപ്പോൾ ഖുറയ്ശികൾ മദീനയുടെ മൂപ്പനായ അബ്ദുല്ലാ ബിൻ ഉബയ്യിന്റെയും സുഹൃത്തുക്കളുടെയുംപേരിൽ ഒരു ഭീഷണി കത്ത് അയക്കുകയുണ്ടായി. അതിൽ അവർ ഇങ്ങനെ എഴുതി: 'നിങ്ങൾ ഞങ്ങളിലൊരാൾക്ക് അഭയം നൽകിയിരിക്കുന്നു. ഞങ്ങൾ ദൈവത്തെ ശപഥം ചെയ്തുകൊണ്ട് പറയുന്നു. നിങ്ങൾ അയാൾക്കെതിരിൽ യുദ്ധം ചെയ്യണം. അതല്ലെങ്കിൽ നാട്ടിൽ നിന്ന് പുറത്താക്കണം. അതല്ലെങ്കിൽ ഞങ്ങൾ സംഘടിച്ച് നിങ്ങൾക്കുമേൽ ആക്രമണം നടത്തുന്നതാണ്. നിങ്ങളുടെ യുദ്ധനിപുണന്മാരെ കൊന്നൊടുക്കുന്നതാണ്. നിങ്ങളുടെ സ്ത്രീകളെ ഞങ്ങൾക്ക് വിധേയരാക്കുന്നതാണ്.' ഈ കത്ത് അബ്ദുല്ലാഹ് ബിൻ ഉബയ്യിനും അയാളുടെ വിഗ്രഹാരാധകരായ സുഹൃത്തുക്കൾക്കും കിട്ടിയപ്പോൾ അവർ നബി(സ)തിരുമേനിക്കെതിരിൽ യുദ്ധം ചെയ്യാൻ സംഘടിച്ചു. നബി(സ)തിരുമേനിക്ക് അതേകുറിച്ച് അറിവു ലഭിച്ചപ്പോൾ അവിടന്ന് അവരുമായി കൂടിക്കാഴ്ച നടത്തി. എന്നിട്ട് പറഞ്ഞു: ഖുറയ്ശികൾ നിങ്ങൾക്ക് നൽകിയ ഭീഷണി നിങ്ങളെ സംബന്ധിച്ചിടത്തോളം വളരെ വലിയ ഭീഷണിയാണ്. വാസ്തവത്തിൽ നിങ്ങൾ നിങ്ങൾക്കുതന്നെ വരുത്തുന്ന നഷ്ടത്തെക്കാളുപരി അവർ നിങ്ങൾക്ക് ഒരു നഷ്ടവും വരുത്തുന്നതല്ല. നിങ്ങൾ സ്വന്തം മക്കളോടും സഹോദരങ്ങളോടും യുദ്ധം ചെയ്യാൻ ആഗ്രഹിക്കുകയാണോ? അവരിൽ ഒരുപാടാളുകൾ മുസ്‌ലിമീങ്ങളായിട്ടുണ്ടായിരുന്നു. യഹൂദികൾ ഈ സംസാരങ്ങൾ കേട്ടപ്പോൾ പലഭാഗത്തേക്കുപോകുകയും അയാളെ ഒഴിവാക്കുകയും ചെയ്തു. (സുനൻ അബൂദാവൂദ്, കിതാബുൽഖറാജ്, ഹദീഥ് നമ്പർ 3004)

അങ്ങനെ ഖുറയ്ശികൾ അറേബ്യൻ ഗോത്രങ്ങൾക്കിടയിൽ പര്യടനം നടത്തിക്കൊണ്ടു അവരെ മുസ്‌ലിമീങ്ങൾക്കെതിരിൽ പ്രേരിപ്പിക്കാൻ തുട

ങ്ങി. ഇത് സംബന്ധിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ്സാഹിബ് (റ)*സീറത്ത് ഖാത്തമുന്നബി യ്യീൻ* എന്ന പുസ്തകത്തിൽ എഴുതുന്നു:“അവർ ഇതുകൊണ്ടൊന്നും നിറുത്തിയില്ല. മറിച്ച് ഔസ് ഖദ്റജ് ഗോത്രങ്ങൾ മുസ്ലിമീങ്ങൾക്കു നൽകിയ അഭയം പിൻവലിക്കുന്നില്ലെന്ന് കാണുകയും മുസ്ലിമീങ്ങൾ മദീനയിൽ വേരുറപ്പിക്കുമെന്നു തോന്നുകയും ചെയ്തപ്പോൾ ഖുറയ്ശികൾ മറ്റു അറേബ്യൻ ഗോത്രങ്ങളെ മുസ്ലിമീങ്ങൾക്കെതിരിൽ ഇളക്കിവിടാൻ തുടങ്ങി. ഖുറയ്ശികൾ കഅ്ബയുടെ സംരക്ഷകരായിരുന്നതുകൊണ്ട് അറേബ്യൻ ഗോത്രങ്ങൾക്കിടയിൽ ഒരു പ്രത്യേക സ്വാധീനമുള്ളവരായിരുന്നു. അതുകൊണ്ടുതന്നെ ഖുറയ്ശികളുടെ പ്രേരണയാൽ നിരവധി ഗോത്രങ്ങൾ മുസ്ലിമീങ്ങളുടെ ആജന്മ ശത്രുക്കളായി മാറി. മദീനയുടെ നാലുഭാഗത്തും തീ പരന്ന പ്രതീതിയായി.(സീറത്തു ഖാത്തമുന്നബിയ്യീൻ, സാഹിബ്സാദ മിർസാ ബശീർ അഹ് മദ് സാഹിബ് എം.എ(റ) പേജ് 298-300)

ഒരു നിവേദനത്തിൽ പറയുന്നു. ഹദ്റത്ത് ഉബയ് ബിൻ കഅ്ബ് നിവേദനം. നബി(സ)തിരുമേനിയും സ്വഹാബാക്കളും മദീനയിലേക്ക് വന്നപ്പോൾ അൻസ്വാർ അവർക്കു അഭയം നൽകി. തുടർന്ന് എല്ലാ അറബികളും ഒരു വില്ലുപോലെ ഒരുമിച്ചുകൊണ്ട് അവർക്കെതിരിൽ നിലയുറപ്പിച്ചു. ആ ദിവസങ്ങളിൽ മുസ്ലിമീങ്ങളുടെ അവസ്ഥ എന്തായിരുന്നുവെന്നാൽ അവർ രാത്രി പോലും ആയുധധാരികളായിട്ടാണ് ഉറങ്ങിയിരുന്നത്. പകൽ സമയത്തും ആയുധമേന്തിയാണ് നടന്നിരുന്നത്. അവർ പരസ്പരം ഇങ്ങനെ പറയുമായിരുന്നു. സമാധാനത്തിന്റെ രാത്രികൾ കഴിച്ചുകൂട്ടാൻ നമുക്ക് അവസരം ലഭിച്ചാലുമില്ലെങ്കിലും അല്ലാഹുവിനെയല്ലാതെ മറ്റൊന്നിനെയും ഞങ്ങൾ ഭയക്കുന്നതല്ല.(അൽമുസ്തദർക് അലസ്സ്വഹീഹയ്നൻ കിതാബുത്തഫ്സീർ, തഫ്സീർ സൂറത്തുന്നൂർ, ഹദീഥ് 3512,വാള്ം 2, പേജ് 435, ദാറുൽകുതുബുൽ ഇൽമിയ്യ 2002)

നബി(സ)തിരുമേനിയുടെ അവസ്ഥയെ കുറിച്ച് ഹദ്റത്ത് ആഇശാ(റ)നിവേദനം. നബി(സ)തിരുമേനി മദീനയിലേക്ക് വന്ന ആദ്യ ഘട്ടത്തിൽ ശത്രുക്കളുടെ ആക്രമണത്തെ കുറിച്ചുള്ള ആശങ്ക കാരണം അവിടന്ന് രാത്രിസമയങ്ങളിൽ ഉണർന്നുതന്നെ കഴിച്ചുകൂട്ടിയിരുന്നു(അസ്സുനനുൽകുബ്റാ ലിന്നസാഇ കിതാബുൽ മനാഖിബു സഅ്ദ് ബിൻ മാലിക്, ഹദീഥ് 8217, വാള്യം 5, പേജ് 61, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്1991)

ആ കാലഘട്ടത്തെ കുറിച്ച് വിശുദ്ധ ഖുർആൻ പറയുന്നു:*വദ്ക്കുറൂ ഇദ് അൻതും ഖലീലുൻ മുസ്തള്അഫൂന ഫിൽഅർളി തഖാഫൂന അൻയ്യതഖത്ത്വഫകുമുന്നാസു ഫ ആവാക്കും വ അയ്യദക്കും ബി നസ്രിഹീ വറസഖക്കും മ്മിനത്ത്വയ്യിബാത്തി ലഅല്ലക്കും തശ്കുറൂൻ* (8:27)

നിങ്ങൾ കുറഞ്ഞവരും നാട്ടിൽ ബലഹീനരായി ഗണിക്കപ്പെട്ടവരുമായിരുന്ന സന്ദർഭം. ജനങ്ങൾ നിങ്ങളെ റാഞ്ചിക്കൊണ്ടുപോകുന്നതിനെ നിങ്ങൾ ഭയപ്പെടുകയായിരുന്നു. അപ്പോൾ അല്ലാഹു നിങ്ങൾക്ക് അഭയം നല്കുകയും തന്റെ സഹായം കൊണ്ട് അവൻ നിങ്ങളെ ബലപ്പെടുത്തുകയും നല്ല വിഭവങ്ങളിൽനിന്ന് നിങ്ങൾക്ക് ആഹാരം നല്കുകയും ചെയ്തു;നിങ്ങൾ നന്ദി കാണിക്കാൻ വേണ്ടി.

ഇത് ബാഹ്യമായ അപകടങ്ങളായിരുന്നു.അതിനെക്കുറിച്ചാണ് ഖുർആൻ പറയുന്നത്. മദീനക്കകത്തും അവസ്ഥകൾ നല്ലതായിരുന്നില്ല. അതെക്കുറിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ് മദ് സാഹിബ്(റ)എഴുതുന്നു: മദീനക്കുള്ളിലുണ്ടായിരുന്ന അവസ്ഥ എന്തായിരുന്നുവെന്നാൽ ആ സമയത്തും ഔസിലെയും ഖദ്റജിലെയും നിരവധിയാളുകൾ ശിർക്കിൽത്തന്നെ കഴിയുന്നവരായിരുന്നു. പ്രത്യക്ഷത്തിൽ അവർ തങ്ങളുടെ സഹോദരങ്ങളുടെ കൂടെയായിരുന്നു താനും. എന്നാൽ, ഈ ചുറ്റുപാടിൽ ഒരു മുശ്രിക്കിനെ എങ്ങനെ വിശ്വാസത്തിലെടുക്കാൻ കഴിയും? ഇനി മറ്റൊന്ന് മുനാഫിഖീങ്ങളായിരുന്നു. അവർ പ്രത്യക്ഷത്തിൽ മുസ്ലിമീങ്ങളായിരുന്നു. പക്ഷേ, തിരശീലക്കു പിന്നിൽ ഇസ്ലാമിന്റെ ശത്രുക്കളുമായിരുന്നു. മദീനക്കുള്ളിൽ അവരുടെ അസ്തിത്വം ഭയാനകമായ ആശങ്കകൾ സൃഷ്ടിച്ചിരുന്നു. മൂന്നാമതുണ്ടായിരുന്ന വിഭാഗം യഹൂദികളായിരുന്നു. അവരുമായി ഒരു ഉടമ്പടി ചെയ്തിരുന്നുവെങ്കിലും ഈ യഹൂദികളുടെ പക്കൽ ആ ഉടമ്പടിക്കു ഒരു വിലയുമുണ്ടായിരുന്നില്ല,. ചുരുക്കത്തിൽ ഇങ്ങനെ മദീനക്കകത്തും മുസ്ലിമീങ്ങൾക്കെതിരിൽ ഗുപ്തമായി ഉണ്ടായിരുന്ന ഈ കരുക്കൾ ഒട്ടും കുറവല്ലായിരുന്നു. അറേബ്യൻ ഗോത്രങ്ങളിൽ നിന്നുണ്ടായിരുന്ന ചെറിയൊരു കനൽത്തരി മാത്രം അതിനെ ആളിക്കത്തിക്കാൻ പര്യാപ്തമായിരുന്നു. അത് മദീന മുസ്ലിമീങ്ങളെ ഉന്മൂലനം ചെയ്യാൻ മതിയായതായിരുന്നു. ഇതിനെക്കാളും ദുർബലമായൊരു ഘട്ടം ഒരിക്കലും വന്നിട്ടുണ്ടായിരുന്നില്ല. നബി (സ)തിരുമേനിയെ അല്ലാഹു വഹി നൽകിക്കൊണ്ട് ഇനി നിങ്ങളും നിഷേധികൾക്കെതിരിൽ വാൾ പ്രയോഗിക്കണമെന്നും അവർ നിങ്ങൾക്കെതിരിൽ വാളുമായി തുടർച്ചയായി ആക്രമണങ്ങളുടെ രംഗത്തേക്ക് ഇറങ്ങിയിരിക്കുന്നുവെന്നും വെളിപാടുണ്ടായി. വാളുകൊണ്ടുള്ള യുദ്ധത്തിനുള്ള വിളംബരം ചെയ്യപ്പെട്ടു.(സീറത്തു ഖാത്തമുന്നബിയ്യീൻ, സാഹിബ്സാദ മിർസാ ബശീർ അഹ് മദ് സാഹിബ് എം.എ(റ) പേജ് 302)

വാളെടുത്ത് യുദ്ധം ചെയ്യാനുള്ള കല്പന നബി(സ)തിരുമേനിക്ക് ഹിജ്റ രണ്ടാം വർഷം സഫർ മാസം 12-ാം തിയതി അതായത് അഉ 623 ആഗസ്റ്റ് 15-ാം തിയതിയാണ് ഇറങ്ങിയത്. അപ്പോഴേക്കും നബി(സ)തിരുമേനി മദീനയിലെത്തി ഏകദേശം ഒരു വർഷം കഴിഞ്ഞിട്ടുണ്ടായിരുന്നു. (സീറത്തു ഖാത്തമുന്നബിയ്യീൻ, സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ(റ) പേജ് 303)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബിന്റെ ഗവേഷണത്തിന്റെ അടിസ്ഥാനത്തിൽ ഈ പറഞ്ഞതാണ് തിയതി. കാരണം ഈ സൂറത്തിനെ കുറിച്ച് പറയുന്നത് അതിലെ കുറച്ചുഭാഗം മക്കയിലും കുറച്ചുഭാഗം മദീനയിലുമാണ് ഇറങ്ങിയതെന്നാണ്. ഈ ആയത്തിന്റെ അവതരണത്തെ കുറിച്ച് വ്യത്യസ്ത നിവേദനങ്ങളുണ്ട്. ഒരു നിവേദനത്തിൽ പറയുന്നു: ഹിജ്റത്ത് വേളയിലാണ് ഈ ആയത്ത് അവതരിച്ചത്.(തഫ്സീർ ഖുർത്തുബി, തഫ്സീർ സൂറത്തുൽഹജ്ജ്, ഉദിന ലില്ലദീന യുഖാത്തിലന എന്ന ആയത്ത്, പേജ് 2110)

നബി(സ)തിരുമേനി മദീനയിൽ വന്നു കുറച്ചു കാലത്തിനു ശേഷം അവിടന്ന് മദീനയുടെ ചുറ്റുപാടും ഖുറയ്ശി സംഘങ്ങളെ തടയുന്നതിനും മറ്റു സുരക്ഷാകാര്യങ്ങൾക്കുംവേണ്ടി ആയുധധാരികളായ സംഘങ്ങളെ അയക്കാനും തുടങ്ങിയിരുന്നു. ഏതായിരുന്നാലും ഹിജ്റത്തിന്റെ ആരംഭഘട്ടത്തിലോ ഒരു വർഷം കഴിഞ്ഞതിന് ശേഷമോ ആണ് ഈ ആയത്ത് അവതരിച്ചത്. ഇത് മതത്തിനെതിരിൽ യുദ്ധം ചെയ്യുന്നവർക്ക് മറുപടിയായി യുദ്ധം ചെയ്യാനുള്ള ആദ്യത്തെ അനുമതിയായിരുന്നു. നബി(സ)തിരുമേനി താൻ ജീവിച്ചുകൊണ്ടിരുന്ന ഭരണകൂടത്തിന്റെ പരിധിയിൽനിന്ന് പുറത്തു വന്നിരുന്നു. നേരത്തെ പറഞ്ഞതുപോലെ ഭരണകൂടത്തിന് വിധേയമായിരിക്കുമ്പോൾ അതിന്നെതിരിൽ യുദ്ധം ചെയ്യാൻ സാധ്യമല്ല. ഇപ്പോൾ നബി(സ)തിരുമേനിയുടെതന്നെ ഭരണകൂടം സ്ഥാപിതമായിരിക്കുന്നു. അല്ലാഹു നൽകിയ അനുമതിയെ സംബന്ധിച്ചുള്ള ആയത്തുകൾ സൂറ ഹജ്ജിലാണ് ഉള്ളത്.അല്ലാഹു പറയുന്നു:*ഉദിന ലില്ലദീന യുഖാത്തലൂന ബിഅന്നഹും ളുലിമൂ വഇന്നല്ലാഹ അലാ നസ്രിഹിം ലഖദീർ. അല്ലദീന ഉഖ്രിജൂ മിൻദിയാരിഹിം ബിഗയ്രി ഹഖ്ഖിൻ ഇല്ലാ അൻയ്യഖൂലൂ റബ്ബുനല്ലാഹു വലൗലാ ദഫ്ഉല്ലാഹിന്നാസ ബഅ്ളഹും ബിബഅ്ളിൻ ല്ലഹുദ്ദിമത്ത് സ്വവാമിഉ വ ബിയഉൻ വ്വസ്വലവാത്തുൻ വ്വമസാജിദു യുദ്കറു ഫീഹസ്മുല്ലാഹി കഥീറൻ വലയൻസുറന്നല്ലഹു മൻ യ്യൻസുറുഹു ഇന്നല്ലാഹ ല ഖവിയ്യുൻ അസീസുൻ.*

യുദ്ധം ചെയ്യപ്പെടുന്നവർക്ക്(തിരിച്ചും യുദ്ധം ചെയ്യാൻ)അനുമതി നല്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ അവർ അക്രമിക്കപ്പെട്ടിരിക്കുകയാണ്. തീർച്ചയായും അല്ലാഹു അവരെ സഹായിക്കുവാൻ കഴിവുള്ളവനാകുന്നു. ഞങ്ങളുടെ നാഥൻ അല്ലാഹുവാണ് എന്നവർ പറയുന്നതൊഴിച്ച്(മറ്റൊരു കാരമവും കൂടാതെ) അന്യായമായി തങ്ങളുടെ ഭവനങ്ങളിൽ നിന്ന് ബഹിഷ്കരിക്കപ്പെട്ടവരാണ് അവർ. മനുഷ്യരിൽ ചിലർക്ക് മറ്റു ചിലരിൽനിന്നുള്ള അക്രമത്തിൽനിന്ന് സ്വയം രക്ഷിക്കുന്നതിന് അല്ലാഹു അനുമതി നല്കിയില്ലായിരുന്നുവെങ്കിൽ സന്യാസി മഠങ്ങളും ക്രിസ്തീയ ദേവാലയങ്ങളും ജൂതപ്പള്ളികളും അല്ലാഹുവിന്റെ നാമം ധാരാളമായി അനുസ്മരിക്കുന്ന മസ്ജിദുകളുമെല്ലാം തകർക്കപ്പെടുമായിരുന്നു. തന്നെ സഹായിക്കുന്നവരെ അല്ലാഹു സഹായിക്കുകതന്നെ ചെയ്യും. തീർച്ചയായും അല്ലാഹു മഹാശക്തനും പ്രതാപവാനുമാകുന്നു.(22:40-41)

അതായത് ഇവിടെ എല്ലാ മതങ്ങളുടെയും ആരാധനാലയങ്ങളുടെ പേരെടുത്തു പറഞ്ഞുകൊണ്ട് എല്ലാ മതങ്ങൾക്കുമുള്ള സംരക്ഷണമാണ് നൽകപ്പെട്ടിരിക്കുന്നത്.

ജിഹാദ് ഫർളാക്കപ്പെട്ടതിനുശേഷം നബി(സ)തിരുമേനി നിഷേധികളുടെ ദ്രോഹത്തിൽനിന്ന് മുസ്ലിമീങ്ങളെ സംരക്ഷിക്കുന്നതിന് പ്രാരംഭത്തിൽ നാലു നടപടികളാണ് സ്വീകരിച്ചത്. ഇതേക്കുറിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)

## • അമീറുൽ മുഅ്മിനീന്റെ ഉപദേശം •

**'പരലോകചിന്തയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുന്നയാൾ ഏറ്റവുമാദ്യം തന്റെ ആരാധനയുടെ സംരക്ഷണത്തിൽ ശ്രദ്ധിക്കുന്നു.'(ജുമുഅ ഖുത്വ്ബ 4-10-2019)**

താലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

## • തിരുനബിയുടെ തിരുമൊഴികൾ •

**അബൂഖത്താദ നിവേദനം. നബി(സ) പറഞ്ഞു: 'നമസ്കാരത്തിന് ഇഖാമത്ത് വിളിച്ചാൽ, എന്നെ കാണുംവരെ നിങ്ങൾ എഴുന്നേല്ക്കരുത്.' (മുസ്ലിം, ഹദീഥ് 264)**

താലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

എഴുതുന്നു:

"ഒന്ന് മദീനയുടെ ചുറ്റുപാടുമുള്ള പ്രദേശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനു നബി(സ)തിരുമേനി സ്വയം യാത്ര ചെയ്തുകൊണ്ട് ചുറ്റുപാടുമുള്ള ഗോത്രങ്ങളുമായി പരസ്പരം സമാധാനത്തിനുള്ള ഉടമ്പടികൾ ചെയ്യാൻ തുടങ്ങി. ഇതിൽ നബി(സ)തിരുമേനി പ്രത്യേകിച്ചും ഖുറയ്ശികളുടെ ശാമിലേക്കുള്ള വഴിക്ക് ചുറ്റുപാടും ഉണ്ടായിരുന്ന ഗോത്രങ്ങളെയാണ് പരിഗണിച്ചിരുന്നത്. മക്കാ ഖുറയ്ശികൾ മുസ്‌ലിമീങ്ങൾക്കെതിരിൽ സഹായം തേടാൻ സാധ്യതയുള്ള ഗോത്രങ്ങളായിരുന്നു അവ. അവരുടെ ശത്രുത മുസ്‌ലിമീങ്ങളെ സംബന്ധിച്ചിടത്തോളം വളരെ ഭയാനകമാകുമായിരുന്നു.

രണ്ട്, നബി(സ)തിരുമേനി ചെറിയ ചെറിയ വിവരാന്വേഷക സംഘങ്ങളെ മദീനയുടെ വിവിധ ഭാഗങ്ങളിൽ അയച്ചു തുടങ്ങി. ഖുറയ്ശികളുടെയും അവരുടെ സഹായകവൃന്ദങ്ങളുടെയും നീക്കങ്ങളെക്കുറിച്ച് അറിയാനായിരുന്നു ഇങ്ങനെ ചെയ്തിരുന്നത്. മാത്രമല്ല തങ്ങളുടെ കാര്യത്തെ കുറിച്ച് മുസ്‌ലിമീങ്ങൾ അശ്രദ്ധരല്ലെന്ന് ഖുറയ്ശികൾക്കും ബോധമുണ്ടാകണം. അങ്ങനെ നബി(സ)തിരുമേനി മദീനയെ അപ്രതീക്ഷിതമായി ഉണ്ടാകുന്ന ആക്രമണങ്ങളുടെ ദുരന്തങ്ങളിൽ നിന്ന് സുരക്ഷിതമാക്കി.

മൂന്ന്, ഈ സംഘങ്ങളെ അയക്കുന്നതിനുള്ള ഒരു കാരണം എന്തായിരുന്നുവെന്നാൽ അതുമുഖേന മക്കയിലെയും പ്രാന്തപ്രദേശങ്ങളിലെയും ദുർബലരും ദരിദ്രരുമായ മുസ്‌ലിമീങ്ങളെ മദീനയിലെ മുസ്‌ലിമീങ്ങളുമായി കൂടിക്കാഴ്ചക്ക് അവസരം ലഭിക്കുമായിരുന്നു. ആ സമയത്തും മക്കയുടെ പ്രദേശങ്ങളിൽ ഹൃദയാത്മനാ മുസ്‌ലിമീങ്ങളായ നിരവധിയാളുകളുണ്ടായിരുന്നു. പക്ഷേ, ഖുറയ്ശികളുടെ ദ്രോഹംകാരണം തങ്ങളുടെ ഇസ്‌ലാമിനെ കുറിച്ച് വിളംബരപ്പെടുത്താൻ അവർക്ക് കഴിഞ്ഞിരുന്നില്ല,. തങ്ങളുടെ ദാരിദ്ര്യവും നിസ്സഹായഹവസ്ഥയും കാരണം ഹിജ്റത്ത് ചെയ്യാനും കഴിവുണ്ടായിരുന്നില്ല. കാരണം ഖുറയ്ശികൾ അത്തരമാളുകളെ ഹിജ്റത്ത് ചെയ്യുന്നതിൽ നിന്ന് നിർബന്ധ പൂർവ്വം തടഞ്ഞിരുന്നു......

നാല്. നബി(സ)തിരുമേനി സ്വീകരിച്ച നാലാമത്തെ ഉപായം, നബി(സ)തിരുമേനി ഖുറയ്ശികളുടെ കച്ചവടസംഘങ്ങളെ തടയാൻ തുടങ്ങി എന്നതാണ്. അവർ മക്കയിൽനിന്ന് ശാമിലേക്ക് വരുന്ന വഴിയിൽ മദീനക്കടുത്ത് തമ്പടിച്ചിരുന്നു. കാരണം.......ഈ സംഘങ്ങൾ പോകുന്ന വഴിയിലെല്ലാം മുസ്‌ലിമീങ്ങൾക്കെതിരിൽ ശത്രുതയുടെ തീ കൊളുത്തുമായിരുന്നു. മദീനയുടെ ചുറ്റുപാടും ഇസ്‌ലാംശത്രുതയുയുടെ വിത്ത് വിതയ്ക്കുന്നത് മുസ്‌ലിമീങ്ങൾക്ക് ഏറെ അപകടമായിരുന്നു എന്ന കാര്യം സുവിദിതമാണ്. പിന്നീട് ഇത് അതായത്...... ഈ സംഘങ്ങൾ എപ്പോഴും ആയുധധാരികളുമായിരുന്നു. ഇത്തരം സംഘങ്ങളെ മദീനയുടെ സമീപത്ത് കൂടി കടന്നു പോകുന്നതുതന്നെ അപകടം നിറഞ്ഞതായിരുന്നുവെന്ന് ആർക്കും മനസ്സിലാക്കാവുന്നതാണ്. പിന്നീട് ഇക്കാര്യവും ഉണ്ടായിരുന്നു. അതായത്........ഖുറയ്ശികളുടെ ഉപജീവനം അധികവും കച്ചവടത്തിലധിഷ്ഠിതമായിരുന്നു. ഈ സാഹചര്യത്തിൽ ഖുറയ്ശികളെ ഒതുക്കാനും അവരുടെ അക്രമനടപടികളെ തടയാനും രഞ്ജിപ്പിനു അവരെ നിർബന്ധിക്കാനും ഏറ്റവുമധികം ഉറപ്പുള്ളതും പെട്ടെന്ന് ഫലദായകവുമായ മാർഗം അവരുടെ കച്ചവടവഴികളെ തടയുക എന്നതുതന്നെയായിരുന്നു. ചരിത്രവും ഈ കാര്യത്തിന് സാക്ഷ്യം നൽകുന്നുണ്ട്. ഖുറയ്ശികൾ ഒടുവിൽ രഞ്ജിപ്പിന് നിർബന്ധിതരാകാൻ നിമിത്തമായത് അവരുടെ കച്ചവടസംഘങ്ങളെ തടഞ്ഞത് തന്നെയായിരുന്നു. ചുരുക്കത്തിൽ വളരെ ബുദ്ധിപൂർവമായ നീക്കമായിരുന്നു. അത് സന്ദർഭാനുസരണം വിജയപ്രദവുമായിരുന്നു. മാത്രമല്ല ഖുറയ്ശികളുടെ ഈ സംഘങ്ങൾക്കുണ്ടാകുന്ന ലാഭം പലപ്പോഴും ഇസ്‌ലാമിനെ നശിപ്പിക്കാൻ ചെലവഴിച്ചിട്ടുണ്ടായിരുന്നുവെന്ന് മാത്രമല്ല ചില സംഘങ്ങൾ തങ്ങളുടെ മുഴുവൻ കച്ചവടലാഭവും ഇസ്‌ലാമിന്നെതിരിൽ മാത്രം ഉപയോഗപ്പെടുത്താൻ അയച്ചിരുന്നു. അതായത് ഇസ്‌ലാമിനെതിരിൽ യുദ്ധം ചെയ്യുന്നതിന് വേണ്ടി സമ്പാദിക്കുക എന്ന ലക്ഷ്യത്തോടെ കച്ചവടം ചെയ്യപ്പെട്ടിരുന്നു. ഈ ഒരു സാഹചര്യത്തിൽ ഇത്തരം സംഘങ്ങളെ തടയേണ്ടത് തികച്ചും അനിവാര്യമായിരുന്നുവെന്ന് ആർക്കും മനസ്സിലാകുന്നതാണ്.(സീറത്തു ഖാത്തമുന്നബിയ്യീൻ, സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ(റ) പേജ് 323-324) ഏതായിരുന്നാലും ഈ പരമ്പര തുടരുന്നതാണ്. ബാക്കി ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

ഈ നേരത്ത് ഞാൻ ചില പരേതാത്മാക്കളെ സ്മരിക്കുകയാണ്. അവരുടെ ജനാസഗാഇബും നമസ്കരിപ്പിക്കുന്നതായിരിക്കും. ഇവയിൽ ഒരു ജനാസ ഹാജരാണ്. അത് ഖാജ മുനീറുദ്ദീൻ ഖമർ സാഹിബിന്റേതാണ്. മറ്റു ജനാസകൾ ഗാഇബാണ്. ഖാജ മുനീറുദ്ദീൻ ഖമർ സാഹിബ് യു.കെ.യിലെ താമസക്കാരനാണ്. മെയ് 27-ന് 86-ാം വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിയൂൻ.*

ഇദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സ്വഹാബി ഹദ്റത്ത് മിയാൻ ഖയ്റുദ്ദീൻ സാഹിബ് സീഘ്വാനീ സാഹിബിന്റെ പൗത്രനായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് മൗലാനാ ഖമറുദ്ദീൻ സാഹിബിനേയും അദ്ദേഹത്തിന്റെ കുട്ടിക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)കണ്ടിട്ടുണ്ട്. അദ്ദേഹം ഇദ്ദേഹത്തെ ചെറുപ്രായത്തിൽ കണ്ടിട്ടുണ്ട്. വളരെ ചെറിയ കുട്ടിയായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് മൗലവി ഖമറുദ്ദീൻ സാഹിബ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ മർക്കസിയായുടെ ആദ്യത്തെ സ്വദ്റായിരുന്നു. ഇന്ത്യാ-പാക്കിസ്താൻ വിഭജനം ഉണ്ടായപ്പോൾ ഇവർ പാക്കിസ്താനിൽ ഷിഫ്റ്റായതാണ്. പിന്നീട് ഖാജ മുനീറുദ്ദീൻ സാഹിബ് കുറച്ചു കാലത്തേക്ക് ആഫ്രിക്കൻ രാജ്യമായ ടൻസാനിയായിൽ പോയി. റബ്‌വയിലും അദ്ദേഹത്തിന് വിവിധ നിലയിൽ ജമാഅത്തിന് സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. പിന്നീട് ഇദ്ദേഹം 1966-ൽ തന്റെ കുടുംബത്തോടൊപ്പം യു.കെ. യിൽ വന്നു. അദ്ദേഹം ഇവിടെ മസ്ജിദ് ഫള്‌ലിനടുത്ത് താമസമായിരുന്നു. പഴയ ആളുകളെല്ലാം അദ്ദേഹത്തെ അറിയുന്നവരാണ്. നാലാം ഖിലാഫത്തിന്റെ കാലത്ത് അദ്ദേഹത്തിന് ദീർഘകാലംവരെ മസ്ജിദ് ഫള്‌ലിൽ ജുമുഅയ്ക്ക് ബാങ്കുകൊടുക്കാനും തൗഫീഖ് ലഭിച്ചു. പരേതന് ലണ്ടൻ മസ്ജിദ് ഫള്ൽ ജമാഅത്തിന്റേയും പട്ടിനീ ജമാഅത്തിന്റേയും സ്വദ്ർ എന്ന നിലയിൽ സേവനമനുഷ്ഠിക്കാനും തൗഫീഖ് കിട്ടി. 1995-ൽ റിട്ടയേർഡായതിനുശേഷം ജീവിതം വഖ്ഫു ചെയ്തു. കഴിഞ്ഞ 29 വർഷമായി ഐച്ഛികമായ നിലയിൽ ആദ്യം ഇവിടെ വക്കാലത്തെ തബ്ശീറിലും പിന്നീട് ദഫ്ത്തർ പ്രൈവറ്റ് സെക്രട്ടറി യ.കെ യിലും സേവനം ചെയ്യാൻ തൗഫീഖ് കിട്ടിക്കൊണ്ടിരുന്നു. വഫാത്തിനു ഒരു ദിവസം മുമ്പേയും ളുഹർ നമസ്കാരത്തിനു മുമ്പേവരെ ഓഫീസിൽ ജോലി ചെയ്തുകൊണ്ടിരുന്നു. നമസ്കരിച്ചതിനുശേഷം വീട്ടിൽ മടങ്ങിവന്നു. അഞ്ചുനേര നമസ്കാരം പാലിക്കുന്നയാളും മിതസംസാര പ്രകൃതനും സഹതാപിയും വിനീതനും സൽകർമിയും ആത്മാർഥനും കൂറുള്ള മനഷ്യനുമായിരുന്നു. പരേതൻ മൂസിയുമായിരുന്നു. ഭാര്യയക്കു പുറമെ രണ്ടു ആൺകുട്ടികളും രണ്ടു പെൺകുട്ടികളുമുണ്ട്. ധാരാളം പൗത്രന്മാരും പൗത്രിമാരും ദൗഹിത്രന്മാരും ദൗഹിത്രിമാരുമുണ്ട്. യു.കെ.അമീർ സാഹിബിന്റെ മാതുലനുമാണ്. അല്ലാഹു അദ്ദേഹത്തോടു പൊറുക്കലോടും കാരുണ്യത്തോടുംകൂടി പെരുമാറട്ടെ. ദർജകൾ ഉയർത്തുമാറാകട്ടെ. ഈ ജനാസ ഹാജരാണ്. ഇൻശാഅല്ലാഹ് അത് നിർവഹിക്കുന്നതായിരിക്കും.

അടുത്ത ജനാസകൾ ഗാഇബാണ്. അവരിലൊരാൾ സാഹിബ്സാദ ഡോക്ടർ മിർസാ മുബശ്ശിർ അഹ്മദ് സാഹിബാണ്. ഇദ്ദേഹം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ പൗത്രനും ഡോക്ടർ മിർസാ മുനവ്വർ അഹ്മദ് സാഹിബിന്റേയും മഹ്മൂദ ബീഗം സാഹിബയുടേയും മകനും ഹദ്റത്ത് നവാബ് മുഹബാറക്ക ബീഗം സാഹിബയുടെ ദൗഹിത്രനുമാണ്. 79-ാമത്തെ വയസ്സിൽ കഴിഞ്ഞ ദിവസം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിയൂൻ.* അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. അദ്ദേഹത്തിന്റെ പ്രാഥമിക വിദ്യാഭ്യാസം റബ്‌വയിലായിരുന്നു. പിന്നീട് ലാഹോർ കിംഗ് എഡ്വേഡ് മെഡിക്കൽ കോളേജിൽനിന്ന് എം.ബി.ബി.എസ് ചെയ്തു. തുടർന്ന് കുറച്ചുകാലം റബ്‌വയിലെ ആശുപത്രിയിൽ ജോലി ചെയ്തു. പിന്നീട് പഠിക്കുന്നതിന് യു.കെ. യിൽ വന്നു. റോയൽ കോളേജ് ഓഫ് സർജൻസ് എഡിൻബ്രായിൽ അദ്ദേഹം 1970-ൽ പോസ്റ്റു ഗ്രാജേഷൻ ചെയ്തു. എഫ്. ആർ. സി. എസും ചെയ്തു. പിന്നീട് മടങ്ങിപ്പോയി. വഖ്ഫായിരുന്നു. റബ്‌വയിലെ ഫള്‌ലെ ഉമർ ആശുപത്രിയിൽ സേവനം ചെയ്തുകൊണ്ടിരുന്നു. ഏകദേശം 50 വർഷം അദ്ദേഹത്തിന് റബ്‌വയിലെ ഫള്‌ലെ ഉമർ ആശുപത്രിയിൽ സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. അവിടുത്തെ നുസ്റത്ത് ജഹാനുകീഴിൽ സേവനം ചെയ്യുന്ന വാഖ്ഫെ സിന്ദഗി ഡോക്ടർമാരിൽ ഏറ്റവും കൂടുതൽ കാലം, 50 വർഷം സേവനം ചെയ്യാൻ താഫീഖ് കിട്ടി. 1983-ൽ ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ് അദ്ദേഹത്തെ

## • കലാമുൽ ഇമാം: •

**ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല.(മൽഫൂദാത്ത് വാള്യം.1 പേ.64)**

ത്വാലിബെ ദുആ:
P. Abdul Ameer
Ahmadiyya Jama-ath Pathappiriyam, Kerala

## • അല്ലാഹുവിന്റെ കലാം: •

**ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പാപങ്ങളേയും ഞങ്ങളുടെ കാര്യങ്ങളിലുള്ള അമിതത്വത്തേയും നീ ഞങ്ങൾക്ക് പൊറുത്തു തരേണമേ. ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചുനിറുത്തേണമേ. അവിശ്വാസികളായ ജനങ്ങൾക്കെതിരിൽ നീ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ.(വിശുദ്ധ ഖുർആൻ 3:148)**

ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK ,ERNAKULAM. CONT: 79025 95215

വഖ്ഫുജദീദ് ബോർഡിന്റെ മെമ്പറായും നിയമിച്ചു. മരണംവരെ അദ്ദേഹം അതിൽ അംഗമയിരുന്നു.

അദ്ദേഹത്തിന്റെ ഭാര്യ എഴുതുന്നു:കുടുംബബന്ധങ്ങൾ ഊട്ടിഉറപ്പിച്ചു നിറുത്തുകയും ഒരുപാട് ശ്രദ്ധിക്കുകയുംചെയ്യുന്ന ആളായിരുന്നു. മാതാപിതാക്കൾ, സഹോദരിസഹോദരന്മാർ, കുടുംബാംഗങ്ങൾ, എന്റെ മാതാപിതാക്കൾ, എന്റെ ബന്ധുക്കൾ എല്ലാവരോടും, ഏതെങ്കിലും സന്തോഷത്തിന്റേയോ ദുഃഖത്തിന്റേയോ അവസരം ഉപേക്ഷിച്ചു കളഞ്ഞാതായി എനിക്കോർമയില്ല. ഉത്തരവാദിത്വം സ്വന്തം ഏറ്റെടുത്തിരുന്നു. ബന്ധങ്ങളോടുള്ള കടമ നിർവഹിക്കുന്നതിൽ മടികാണിച്ചിരുന്നില്ല. വീട്ടിൽ പ്രായംചെന്ന എത്രയാളുകളുണ്ടായിരുന്നുവോ അവരെ ചികിത്സിക്കാനും അദ്ദേഹത്തിന് തൗഫീഖ് കിട്ടി. വീടുകളിൽ രോഗികളുടെ വിവരങ്ങളറിയുന്നതിന് പോകുമായിരുന്നു. ഇപ്രകാരംതന്നെ ആവശ്യക്കാരെ എല്ലാ രീതിയിലും സഹായിക്കുകയും ചെയ്തിരുന്നു. യാചകരെ ആരേയും വെറുംകൈയോടെ വിട്ടിരുന്നില്ല. ഒരുപാടു പെൺകുട്ടികൾക്ക് വിദ്യഭ്യാസം നല്കി. വിവാഹംവരെയുള്ള എല്ലാ ചെലവുകളും വഹിച്ചു. ചില പെൺകുട്ടികൾ എനിക്ക് നേരിട്ടും എഴുതിയിട്ടുണ്ട്. ഇവർ അദ്ദേഹത്തിന്റെ വീട്ടിലും താമസിച്ചിട്ടുണ്ട്. സ്വന്തം പെൺമക്കളെ പോലെ അദ്ദേഹം നോക്കി. അതിനുശേഷം അവരെ വിവാഹം കഴിച്ചയച്ചു. രോഗികളുടെ ഫീസും മാപ്പു ചെയ്യുമായിരുന്നു. പലയാളുകളും ഇതുസംബന്ധമായും എനിക്കെഴുതിയിട്ടുണ്ട്.  എന്നല്ല സ്വന്തം കൈയിൽനിന്ന് പണവും മരുന്നും നല്കിയിരുന്നു. ഖലീഫമാരോടു അഗാധമായ ബന്ധമായിരുന്നു. മറ്റൊരു കാര്യം ഇതുവരെ എത്ര ഖിലാഫത്തുകൾ വന്നിട്ടുണ്ടോ അവരോടു കുടുംബപരമായ ബന്ധങ്ങളുമുണ്ടായിരുന്നു. രണ്ടാമത്തേത് അവരോടു ശിഷ്ടാചാരത്തിന്റേയും ആദരവിന്റേയും വളരെയധികം ബന്ധമുണ്ടായിരുന്നു. അതിനെക്കുറിച്ച് കുട്ടികളെ ഉപദേശിച്ചുകൊണ്ടിരിക്കുമായിരുന്നു. സ്വയം പ്രവർത്തിച്ച് കാണിക്കുകയും ചെയ്തു.

എന്നെക്കാൾ 6,7 വയസ്സ് അധികമായിരുന്നു. പക്ഷേ, ഖിലാഫത്തിനുശേഷം എപ്പോഴും അദ്ദേഹത്തിൽ മര്യാദയും ആദരവും ഞാൻ കണ്ടു. അതിനുമുമ്പേ ഞാൻ നാളിർ അഅ്ലാ ആയിരിക്കുമ്പോഴും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു

അദ്ദേഹത്തിന്റെ ഭാര്യ എഴുതുന്നു:ഹദ്റത്ത് ഖലീഫത്തുൽമാസീഹ് റാബിഅ്ന്റെ ഭാര്യയുടെ അവസാന രോഗാവസ്ഥയിൽ ഡോക്ടർ മുബശ്ശിറിനെ എത്രയും വേഗം അയക്കുക എന്നു പറഞ്ഞ് ഖലീഫത്തുൽമസീഹ് റാബിഅ്ന്റെ ഫോൺ വന്നു. പറയുന്നു, ആ രാത്രിയിൽത്തന്നെ ഈ സന്ദേശം കേട്ട് അദ്ദേഹം പുറപ്പെട്ടു. പിന്നീട് അവർ വഫാത്താകുന്നതുവരെ  അവിടെത്തന്നെയായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽമാസീഹ് റാബിഅ്(റഹ്) ഹദ്റത്ത് ആസിഫബീഗം സാഹിബ വഫാത്തായപ്പോൾ പറഞ്ഞു:എന്നെ ലിഫ്റ്റിന്റെ അടുത്ത് കൊണ്ടുപോകാൻ മുബശ്ശിർ വന്നു. മുബശ്ശിറിനെ കണ്ടുടനെ ഭാര്യ മരിച്ചിരിക്കുന്നുവെന്ന് എനിക്കു മനസ്സിലായി. കാരണം അവരുടെ ആരോഗ്യം ശരിയല്ലെങ്കിൽ മുബശ്ശിർ ഒരിക്കലും അവരെ തനിച്ചുവിട്ട് വരികയില്ലെന്ന് എനിക്കറിയാമായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ്ന്റെ രോഗാവസരത്തിലും അദ്ദേഹം ചികിത്സിക്കാൻ യു.കെയിൽ പോയുംവന്നുമിരുന്നു. ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഉം ഒരിടത്ത് തന്റെ രോഗത്തിന്നിടയിൽ അദ്ദേഹത്തിന്റെ സേവനങ്ങളെ കുറിച്ച് പറയുകയുണ്ടായി.

അദ്ദേഹത്തിന്റെ ഭാര്യ എളുതുന്നു:ഒരിക്കൽ അദ്ദേഹത്തെ കുറിച്ച് തെറ്റായ ഒരു പരാതിയുണ്ടായി. അതിന്റെ അന്വേഷണത്തിന് ഒരു കമ്മിറ്റി രൂപീകരിച്ചു. ആ നേരത്തും അദ്ദേഹം ഖലീഫത്തുൽ മസീഹിനേയും നിളാമിനേയും ആദരിച്ചു. അനുചിതമായ ഒരു കാര്യവും രീതിയും പ്രകടിപ്പിച്ചില്ല. കമ്മിറ്റി പിന്നീട് പൂർണമായും അന്വേഷിച്ചു. അദ്ദേഹത്തെ ഇക്കാര്യത്തിൽ നിരപരാധിയായി പ്രഖ്യാപിച്ചു.

അദ്ദേഹത്തിന്റെ മകൻ എഴുതി: ‘ചീനിയോട്ടിൽനിന്നും അതിനു ചുറ്റുവട്ടത്തുള്ള പ്രദേശത്തുനിന്നും ജമാഅത്തിന്റെ ചില എതിരാളികളും രഹസ്യമായി വന്ന് അദ്ദേഹത്തിൽനിന്ന് ചികിത്സ തേടാറുണ്ടായിരുന്നു. ധാരാളം അനഹ്മദികൾ അദ്ദേഹത്തിന്റെ രോഗികളായിരുന്നു.’ എനിക്കും അതറിയാം. ചുറ്റുവട്ടത്തുള്ള ധാരാളമാളുകൾ അദ്ദേഹത്തെ കൊണ്ടു ചികിത്സ നടത്താറുണ്ടായിരുന്നു. ഇദ്ദേഹം കാരണത്താൽ റബ്വയെ കുറിച്ചും ഹോസ്പിറ്റലിനെകുറിച്ചും നല്ല മതിപ്പുണ്ടായി.

ഹദ്റത്ത് മസീഹ് മൗഊദ്(അ)അവസാനമായി തനിക്കുണ്ടായ രോഗത്തിൽ മരുന്നു കുടിക്കുന്നതിനുവേണ്ടി ഉപയോഗിച്ചിരുന്ന സ്പൂൺ വളരെ ചെറുതായിരുന്നു. ഹദ്റത്ത് അമ്മാ ജാൻ(റ)അത് ഹദ്റത്ത് ഉമ്മുനാസിറിന്, ഡോക്ടറാകുന്ന മകന് ഇതു കൊടുക്കണമെന്ന് പറഞ്ഞ് ആ സ്പൂൺ കൊടുത്തിരുന്നു. അങ്ങനെ ആ സ്പൂൺ ഇദ്ദേഹത്തിന്റെ പിതാവ് ഡോക്ടർ മിർസാ മുനവ്വർ അഹ്മദ് സാഹിബിനു കിട്ടി. അതിനുശേഷം ആ സ്പൂൺ ഇദ്ദേഹത്തിന്റെ കൈയിലുണ്ടായിരുന്നു. ചില സന്ദർഭങ്ങളിൽ ബർക്കത്തിനുവേണ്ടി ഡോക്ടർ മുബശ്ശിർ സാഹിബ് തന്റെ രോഗികൾക്കും അതിൽ മരുന്നു കുടിപ്പിക്കാറുണ്ടായിരുന്നു.

അദ്ദേഹത്തിന്റെ മരണത്തിൽ അനുശോചനം അറിയിക്കാൻ വരുന്ന ആളുകളിൽ എല്ലാ വിഭാഗത്തിലുംപെട്ടവരുണ്ട്. പക്ഷേ, ഏറ്റവുമധികമാളുകൾ ദരിദ്ര വിഭാഗത്തിൽപ്പെട്ടവരായിരുന്നു. മിയാൻ സാഹിബ് തങ്ങളുടെ സഹായി ആയിരുന്നുവെന്ന് ആവർത്തിച്ചാവർത്തിച്ച് അവർ പറയുന്നുണ്ടായിരുന്നു. ചിലരെ അദ്ദേഹം ചികിത്സിച്ചിരുന്നു. ചിലരെ മറ്റു രീതിയിൽ അദ്ദേഹം സഹായിച്ചിരുന്നു. പ്രദേശത്തെ ധാരാളം ജന്മിമാരുടെ ഭാര്യമാരും അവരുടെ സഹോദരിമാരും അദ്ദേഹത്തിന്റെയടുത്ത് ചികിത്സ തേടി വരുമായിരുന്നു. ജന്മികൾ വീണ്ടും വന്ന് എങ്ങനെയാണ് തങ്ങളെ അദ്ദേഹം ശ്രദ്ധിച്ചിരുന്നതെന്ന് പ്രകടിപ്പിക്കുകുയുണ്ടായി. ഇവരെല്ലാവരും അനഹ്മദികളായിരുന്നു. തങ്ങളുടെ പിതാവ് തലയ്ക്കുമീതെനിന്ന് പറന്നുപോയെന്ന് പറഞ്ഞ് അവരും കരയുന്നുണ്ടായിരുന്നു.

പിന്നീട് നമ്മുടെ ആശുപത്രിയിലെ ജോലിക്കാരിൽ ഭൂരിഭാഗമാളുകളും നമ്മുടെ ആശുപത്രി യത്തീമായെന്ന് പറഞ്ഞ് എനിക്കെഴുതുകയുണ്ടായി. എല്ലാവരും വലിയ പ്രയാസവും ദുഃഖവുമാണ് പ്രകടിപ്പിച്ചത്. എന്തായാലും എല്ലാവരുമായും അദ്ദേഹം ബന്ധം സ്ഥാപിച്ചിരുന്നു. നിർധനരെ ഗൗനിച്ചു. നബി(സ)തിരുമേനി ജനാസകൊണ്ടുപോകുന്നത് കണ്ട് പറഞ്ഞു: ‘ഈ മയ്യിത്തിനെ നിങ്ങൾ പ്രശംസിച്ചു, അതിനാൽ അതിനു സ്വർഗം ഉറച്ചു കഴിഞ്ഞു.’(സ്വഹീഹുൽബുഖാരി, കിതാബുൽജനാഇസ്, ഹദീഥ് 1367)അദ്ദേഹത്തേയും അല്ലാഹു അതിന്റെ സാക്ഷാത്കാരമാക്കട്ടെ.

ഡേക്ടർ മിർസാ സുൽത്വാൻ അഹ്മദ് സാഹിബ് പറയുന്നു:എന്റെ അറിവിൽ ജമാഅത്തിൽ ഏറ്റവുമധികം സർവീസ് ചെയ്ത ഡോക്ടറുടെ ബഹുമതി അദ്ദേഹത്തിന് കരസ്ഥമായി. അതു ഞാൻ മുമ്പേ പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്. അദ്ദേഹം എഴുതുന്നു:അദ്ദേഹം ജോലി ആരംഭിച്ച കാലത്ത് സഹായിയായി ഏതെങ്കിലും കമ്പൗണ്ടറോ ഹെൽപ്പറോ ഒന്നുമുണ്ടായിരുന്നില്ല. സ്വയംതന്നെയാണ് വാതിൽ അടയ്ക്കുകയും തുറക്കുകയും രോഗികളെ വിളിക്കുകയും ചെയ്തിരുന്നത്. ജോലിയും സ്വയംതന്നെ ചെയ്തിരുന്നു. സ്വയംതന്നെയാണ് ഓപ്റേഷൻ തിയറ്ററും മാനേജ് ചെയ്തിരുന്നത്. അനിസ്തേഷ്യാ(Anaesthesia)കൊടുക്കാനും ആരുമുണ്ടായിരുന്നില്ല. ആ ജോലിയും സ്വയം ചെയ്യേണ്ടിവന്നിരുന്നു. പിന്നീട് മെല്ലെ മെല്ലെ അദ്ദേഹം സ്റ്റാഫിന് ട്രൈനിംഗ് നല്കി. അതിനുശേഷം ഹോസ്പിറ്റലിന് വളരെ പ്രശസ്തിയുണ്ടായി. പറയുന്നു, ഇൻഫക്ഷന്റെ റേഷ്യോയും മറ്റു പ്രൈവറ്റ് ഹോസ്പിറ്റലിനെക്കാൾ കുറവായിരുന്നു. ഭൂരിഭാഗം രോഗികളും വിജയകരമായി രോഗം ഭേദമായതിനുശേഷമാണ് ആശുപത്രിയിൽനിന്ന് പോയിരുന്നത്. എന്തായാലും അദ്ദേഹം രോഗികളുടെ പെരുമാറ്റരീതികൾ കണ്ടു. അനഹ്മദി രോഗികളും എനിക്ക് വ്യക്തിപരമായി നന്നായറിയാം ഒരുപാട് ബഹുമാനിക്കുന്നവരായിരുന്നു.

സർക്കാർ ആശുപത്രിയിലെ ഡോക്ടറാണ്, ഡോക്ടർ മുബശ്ശിർ സാഹിബ്. അദ്ദേഹം പറയുന്നു:ഞാൻ ഡോക്ടർ സാഹിബിന്റെ വൈദ്യപരമായ സേവനങ്ങളുടെ വിശാലമായൊരു പരമ്പര കണ്ടു.അത് റബ്വക്കാരെ മാത്രമല്ല ചുറ്റുവട്ടത്തുള്ള മുഴുവൻ പ്രദേശക്കാരേയും വലയം ചെയ്തിരുന്നു.  അദ്ദേഹം പറയുന്നു, എന്റെ സകല ഉദ്യോഗവും റബ്വയിലെ ഗ്രാമങ്ങളിലായിരുന്നു. ഇദ്ദേഹം സർക്കാർ ആശുപത്രികളിൽ, റബ്വയിലെ ചെറിയ ആശുപത്രികളിൽ നിയമിക്കപ്പെട്ടിരുന്നു. അദ്ദേഹം പറയുന്നു:ഏകദേശം എല്ലാ ഗ്രാമങ്ങളിലേയും എല്ലാ നഗരങ്ങളിലേയും ധാരാളമാളുകൾ അദ്ദേഹത്തിന്റെ വിശ്വാസികളിൽപ്പെട്ടവരായിരുന്നു. ഞാൻ പറഞ്ഞതുപോലെ ഇക്കാരണത്താലാണ് അസംഖ്യം അനഹ്മദികൾ അദ്ദേഹത്തിന്റെ വിയോഗത്തിൽ അനുശോചനമറിയിക്കാൻ വന്നത്.

ഡോക്ടർ നൂരി സാഹിബ് എഴുതി:റബ്വയിലെ തനിച്ചു താമസിച്ചിരുന്ന പ്രായംചെന്ന ഒരു മനുഷ്യൻ തന്റെ മുറിയിൽ ഡോക്ടർ സാഹിബിന്റെ ഫോട്ടോ തൂക്കിയിട്ടിരുന്നു. ഡോക്ടർ നൂരി സാഹിബ് അദ്ദേഹത്തെ പരിശോധിക്കാൻ പോയി. അപ്പോൾ വളരെ പ്രശംസയോടും സ്തുതിയോടുംകൂടി ആ രോഗി പറഞ്ഞു:ഡോക്ടർ മുബശ്ശിർ മിക്കപ്പോഴും എന്റെ വീട്ടിൽ വരുമായിരുന്നു.

## ത്വാലിബെ ദുആ

**നബി(സ)തിരുമേനിയോടുള്ള സ്നേഹം വർദ്ധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്ക്കാരത്തിലും സ്വലാത്തു ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ(മൽഫൂദാത്ത് വാല്യം.3. പേ.38)**




SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)


## • അമീറുൽ മുഅ്മിനീന്റെ ഉപദേശം: •

**‘അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവരാണ് യഥാർഥ തഖ്വയിൽ നിലകൊള്ളുന്നവർ.’(ജുമുഅ ഖുത്വ്ബ 4 – 10 – 2019)**

**ത്വാലിബെ ദുആ: ANWAR SADAT & FAMILY JAMA-ATH AHMADIYYA,PATHAPIRIYAM**

എന്റെ സുഖവിവരങ്ങൾ ചോദിക്കുമായിരുന്നു. അല്ലാഹു അദ്ദേഹത്തെ സമാധാനത്തോടെ വെക്കുമാറാകട്ടെ. ആ നേരത്ത് അദ്ദേഹത്തിന്റെ ജീവിതത്തിൽ നടന്ന ഒരു കാര്യമാണ്, അദ്ദേഹത്തിന്റെ പ്രത്യേകമായ സേവനങ്ങളുടേയുംരോഗികളുടെ വികാരപ്രകടനങ്ങളുടേയും എത്രമാത്രം കത്തുകളുണ്ടായിരുന്നുവെന്നാൽ അത് വിവരണാതീതമാണ്. ഖിലാഫത്തിനോടും അസാധാരണമായ കൂറായിരുന്നു. ഞാൻ മുമ്പേയും പറഞ്ഞതുപോലെ അല്ലാഹു അദ്ദേഹത്തോടു അതിരറ്റ മഗ്ഫിറത്തോടും കാരുണ്യത്തോടുംകൂടി പെരുമാറട്ടെ. തന്റെ പ്രിയപ്പെട്ടവരുടെ സമീപത്ത് ഇടം നല്കുമാറാകട്ടെ.

മൂന്നാമത്ത് ജനാസ, ഇതു രണ്ടാമത്തെ ഗാഇബ് ജനാസയാണ് സയ്യിദ് മഹ്മൂദ് അഹ്മദ് സാഹിബ് ഇസ്‌ലാമാ ബാദിന്റെ ഭാര്യ സയ്യിദ അമത്തുൽ ബാസിത് സാഹിബയുടേതാണ്. കഴിഞ്ഞ ദിവസം അവർ വഫാത്തായി *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിയൂൻ.* ഡോക്ടർ സയ്യിദ് അബ്ദുസ്സത്താർ ശാഹ് സാഹിബിന്റെ പൗത്രിയായിരുന്നു. സയ്യിദ് അബ്ദുർറസ്സാഖ് ശാഹ് സാഹിബിന്റെ മകളായിരുന്നു. ഹദ്റത്ത് ഉമ്മുത്വാഹിർ(റ)ന്റെ സഹോദരപുത്രിയായിരുന്നു. പരേതയുടെ പിതാവ് അബ്ദുർറസ്സാഖ് ശാഹ് സാഹിബ് ആദ്യം ഐറിഷ് അഹ്മദി സ്ത്രീ ഹനീഫ ശാഹ് സാഹിബയെ വിവാഹം കഴിച്ചിരുന്നു. അവരുടെ ആദ്യത്തെ പേര് കത്രീൻ ഒ ബ്റാഇൻ(Catherine O Brien)എന്നായിരുന്നു. ഈ വിവാഹം 1945-ൽ കെനിയായിലെ നൈറോബിയിലായിരുന്നു നടന്നത്. പിന്നീട് ഇവരുടെ ഈ മാതാവ് പാക്കിസ്താനിലും വന്നിരുന്നു. പാക്കിസ്താനിൽ ശാഹ് സാഹിബ് സിന്ധിൽ നിയമിതനായിരുന്നു. അവിടെ ഈ ചെറിയ ഗ്രാമത്തിൽ ഐർലാന്റ് കാരിയായിരുന്നിട്ടും വളരെ ത്യാഗം ചെയ്ത് ജീവിച്ചു. അവരുടെ മക്കളും അങ്ങേയറ്റം ത്യാഗങ്ങൾ ചെയ്യുന്നവരായിരുന്നു. അവരിലൊരാൾ ഈ അമത്തുൽ ബാസിത് സാഹിബയാണ്.

അവരുടെ ഭർത്താവ് സയ്യിദ് മഹ്മൂദ് ശാഹ് സാഹിബ് പറയുന്നു:നമസ്കാരം കൃത്യമായി അനുഷ്ഠിച്ചിരുന്നു. പ്രത്യേകിച്ചും തഹജ്ജുദ് നമസ്കാരം പതിവായി നമസ്കരിക്കുമായിരുന്നു. കുട്ടിക്കാലംമുതലെ തഹജ്ജുദ് നമസ്കാരം തന്റെ പിതാവിനോടൊപ്പം നമസ്കരിക്കുമായിരുന്നു. അവിടന്ന് ദീനിപരമായ കാര്യങ്ങളെ അനുസരിക്കുന്നവരും ദീനുള്ള സ്ത്രീയുമായിരുന്നു. നിർധനരേയും പാവപ്പെട്ടവരേയുംസഹായിക്കുമായിരുന്നു. പർദ കണിശമായും പാലിച്ചിരുന്നു. പരേത മൂസിയായിരുന്നു. സന്തപ്ത കുടുംബത്തിൽ ഭർത്താവിനു പുറമെ ഒരു മകളും രണ്ടു ആൺമക്കളുമുണ്ട്. അവരുടെ ഒരു മകൻ സയ്യിദ് ബശീർ അഹ്മദ് ഇവിടെയാണ് താമസിക്കുന്നത്. ഒരുമകൻ സയ്യിദ് ശാഹ് അഹ്മദാണ്. അവരുടെ മകൾ അമേരിക്കയിലാണ്. അമേരിക്കയിലെ ഡോക്ടർ ആമിർ മലിക് സാഹിബിന്റെ ഭാര്യ മജീദ മലിക്കാണ് അവരുടെ മകൾ. അവർ പറയുന്നു: എന്റെ മാതാവ് സർവപ്രിയയും എപ്പോഴും വസന്തകാല വ്യക്തിത്വത്തിന്റെ ഉടമയുമായിരുന്നു. അവരുമായി സംസാരിക്കുന്ന ആരും അരിൽ തൽപരയാകുമായിരുന്നു. ഖിലാഫത്തിനോടു അതിരറ്റ സ്നേഹമായിരുന്നു. വളരെ സ്വച്ഛമായ പ്രകൃതിയുടേയും സൽസ്വഭാവത്തിന്റേയും ധാർമികതയുടേയും ഉടമയായിരുന്നു. തന്റെ ബുദ്ധിമുട്ടുകൾ ആരോടും പറയുമായിരുന്നില്ല. ദാനധർമങ്ങൾ കൊടുക്കുന്നതിൽ മുമ്പിലായിരുന്നു. കുട്ടികളുടെ വിവാഹത്തിന് സഹായം നല്കുകയും ദരിദ്രരുടെ വീടുകളിൽ റേഷൻ കൊടുക്കുകയും അനാഥരെ പഠിപ്പിക്കുന്നതിൽ സഹായിക്കുകയും പാവപ്പെട്ടവർക്ക് ഭക്ഷണം നൽകുകയും ചുരുക്കത്തിൽ തന്റെ സമയം അല്ലാഹുവിന്റെ ദാസരെ സഹായിക്കുന്നതിലായി ചെലവഴിക്കുകയും ചെയ്തിരുന്നു; ദുആയുടെ രൂപത്തിലാണെങ്കിലും അല്ലെങ്കിൽ സ്വദഖയുടെ രൂപത്തിലാണെങ്കിലും! അധികവും അല്ലാഹുവിന്റെ കാര്യങ്ങൾ പറയുന്നതും ദൈവസഹായത്തിന്റെ കാര്യങ്ങൾ പറയുന്നതും ഇഷ്ടപ്പെട്ടിരുന്നു. അല്ലാഹുവിനെ സ്നേഹിക്കുന്നവരുമായിട്ടായിരുന്നു കൂട്ടുകെട്ട്. അവരോടു അല്ലാഹുവിനും ഒരു പ്രത്യേക പെരുമാറ്റമായിരുന്നു. അവരുടെ ദുആകൾ അല്ലാഹു സ്വീകരിക്കുകയും ചെയ്തിരുന്നു. അല്ലാഹു ധാരാളം കാര്യങ്ങളിൽ ധാരാളം ദുആകൾ സ്വീകരിച്ചതിനെ സംബന്ധിച്ച് ആദ്യമെതന്നെ അറിയിപ്പു നല്കാറുണ്ടായിരുന്നു. കഠിനമായ രോഗത്തിലും നമസ്കാരം ഉപേക്ഷിച്ചിരുന്നില്ല.നമസ്കാരം വിട്ടുപോകാതിരിക്കാൻ എപ്പോഴും ദൃഷ്ടി വാച്ചിലായിരുന്നു. അല്ലാഹു അവരോടു കരുണയോടും പൊറുക്കലോടും പെരുമാറട്ടെ. ദർജകൾ ഉയർത്തുമാറാകട്ടെ. അവരുടെ മക്കൾക്കും അവരുടെ നന്മകൾ നിലനിറുത്താൻ തൗഫീഖ് നല്കുമാറാകട്ടെ.

നാലാമത്തെ ജനാസയും ഗാഇബാണ്. അത് ശരീഫ് അഹ്മദ് ബന്ദേശ സാഹിബിന്റേതാണ്. അദ്ദേഹം പാക്കിസ്താനിലെ ചെക് നമ്പർ 261 റെ-ബെ അഥുവാലി ഫയ്സലാബാദിന്റെ സ്വദ്റായിരുന്നു. അദ്ദേഹവും കഴിഞ്ഞ ദിവസം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിയൂൻ.* അദ്ദേഹത്തിന്റെ മകൻ റഹ്മത്തുല്ലാഹ് ബന്ദേശ സാഹബ് ജമാഅത്തിന്റെ മുറബ്ബിയാണ്. അദ്ദേഹം വിവരിക്കുന്നു:ഞങ്ങളുടെ പിതാമഹൻ രണ്ടുമൂന്നോ മാസം കുഞ്ഞായിരുന്നു. അദ്ദേഹത്തിന്റെ മാതാപിതാക്കളും മറ്റു അടുത്ത ബന്ധുക്കളുമെല്ലാം ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കാലത്ത് പ്ലേഗു പിടിപെട്ട് മരിച്ചുപോയിരുന്നു. ആ സമയത്ത് പിതാമഹന്റെ ഒരു അകന്ന കുടുംബം അദ്ദേഹത്തിന്റെ ആദ്യകാലങ്ങളിൽ പോറ്റി വളർത്തി. പിന്നീട് ബട്ടാല താലൂക്കിലെ ഒരു ഖാളിയുടെ തീരുമാനത്തെ തുടർന്ന് മറ്റൊരു കുടുംബപരമായ അഹ്മദി കുടുംബത്തിൽ അദ്ദേഹം വളർന്നു. ഇപ്രകാരം തുടക്കംമുതൽ ത്തന്നെ അദ്ദേഹം അഹ്മദിയ്യ ചുറ്റുപാടിലാകുകയും അഹ്മദിയ്യ ജമാഅത്തിൽ ചേർന്നിരിക്കുകയും ചെയ്തു. പരേതൻ ഏകദേശം 25 വർഷം ഗ്രാമത്തിൽ ജമാഅത്തിന്റെ സ്വദ്ർ ആയിരുന്നു. അസംഖ്യ സൽഗുണങ്ങളുടെ ഉടമയും ഫക്കീർ വിശേഷതയുള്ള മനുഷ്യനുമായിരുന്നു. ആരാധനകളിൽ ഉന്നതനിലയിലുള്ള ദർജയുടെ നിലവാരമുള്ളയാളും നിരാലംബരെ പ്രത്യേകിച്ചും ബന്ധുമിത്രാദികളെ സഹായിക്കുന്നയാളും ജമാഅത്ത് വ്യവസ്ഥിതിയേയും ഖിലാഫത്തിനേയും അതിരറ്റ് സ്നേഹിക്കുന്ന മനുഷ്യനുമായിരുന്നു. സന്തപ്ത കുടുംബത്തിൽ അഞ്ച് ആൺമക്കളും മൂന്നു പെൺമക്കളുമുണ്ട്. അദ്ദേഹത്തിന്റെ ഒരു മകൻ ഞാൻ പറഞ്ഞതുപോലെ റഹ്മത്തുള്ള ബന്ദേശ സാഹിബ് ജമാഅത്തിന്റെ മുബല്ലിഗാണ്. അദ്ദേഹം ജർമനി ജാമിഅ അഹ്മദിയ്യായിൽ ഉസ്താദായി സേവനമനുഷ്ഠിക്കുന്നു. തന്റെ ഗ്രാമത്തിലെ ശത്രുതാപരമായ അവസ്ഥകൾ കാരണത്താൽ തന്റെ പിതാവിന്റെ ജനാസയിലും ഖബ്റടക്കത്തിലും കൃത്യസമയത്തു പങ്കെടുക്കാൻ കഴിഞ്ഞില്ല. അല്ലാഹു പരേതനോടു കരുണയോടും പൊറുക്കലോടും പെരുമാറട്ടെ. ദർജകൾ ഉയർത്തുമാറാകട്ടെ. എല്ലാ കുട്ടികൾക്കും അദ്ദേഹത്തിന്റെ നന്മകൾ മുന്നോട്ടുകൊണ്ടുപോകാൻ തൗഫീഖ് നല്കുമാറാകട്ടെ.

•••

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

**നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.





**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**


**തങ്ങളുടെ മനസ്സിൽനിന്ന് എല്ലാത്തരം ശരീരേച്ഛകളേയും മാറ്റാൻ ദൈവമാർഗത്തിൽ ജീവിതം അർപ്പിച്ചിട്ടുളളവർ ശ്രമിക്കേണ്ടതായി വരും. ഇതാണ് വഖ്ഫിന്റെ യാഥാർഥ്യം.(ബ്രിട്ടൺ, കനഡ, ജർമനി ജാമിആകളിലെ കുട്ടികൾക്ക് സനദ്ദാന പരിപാടിയിലെ പ്രസംഗം 2019)**

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**'ഏത് കാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ് (അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക.**
**(സന്ദേശം ജൽസാ സലാന ഡന്മാർക്ക് 2019)**



ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPPIRIYAM



ത്വാലിബെ ദുആ:
ANWAR SADAT & FAMILY
JAMA-ATH AHMADIYYA, PATHAPPIRIYAM

അത്യുന്നതമായ ഒരു അസ്തിത്വത്തിൽ വിശ്വസിക്കാത്തിടത്തോളം
യഥാർഥ സമാധാനം സ്ഥാപിതമാകുകയില്ല.

അല്ലാഹു സമാധാനം നൽകുന്നവനാണെന്ന വിശ്വാസം നബി(സ)തിരുമേനി
മുഖേന ഇസ്‌ലാം മാത്രമാണ് അവതരിപ്പിച്ചത്.

അത്തരം ഘട്ടത്തിൽ പ്രതീക്ഷയുടെ കിരണവും സമാധാനത്തിന്റെ ജാമ്യവും നല്കാൻ ആർക്കെങ്കിലും
സാധ്യമെങ്കിൽ സമാധാനത്തിന്റേയും ശാന്തിയുടേയും അധ്യാപനവുമായി അല്ലാഹു ലോകത്തയച്ച
ഒരാൾക്കു മാത്രമെ കഴിയുകയുള്ളു. അദ്ദേഹം സമാധാനത്തിന്റെ ചക്രവർത്തിയാണ്.
അതിന്റെ അധ്യാപനം അനുരക്തിയുടേയും സ്നേഹത്തിന്റേതുമാണ്.

വ്യക്തിയ്ക്കും കുടുംബത്തിനും വംശത്തിനും ദേശത്തിനും രാജ്യത്തിനുമതീതമായി സ്ഥാപിക്കാൻ
ശ്രമിക്കുമ്പോഴാണ് യഥാർഥ സമാധാനമുണ്ടാകുന്നത്. ഇതു സംഭാവ്യമാകുന്നത്, തന്റെമേൽ
ഒരു ഉന്നത അസ്തിത്വമുണ്ടെന്നും അവൻ തനിക്കുവേണ്ടിമാത്രമല്ല സമാധാനം
ആഗ്രഹിക്കുന്നതെന്നും പ്രത്യുത മുഴുലോകത്തുനുവേണ്ടിയുമാണ്
ആഗ്രഹിക്കുന്നതെന്നും മനസ്സിലാക്കുമ്പോഴാണ്.

അല്ലാഹു ഹദ്റത്ത് മുഹമ്മദു റസൂലുല്ലാഹി(സ)യേയും സ്വല്ലല്ലാഹു വിശുദ്ധ ഖുർആനേയും
അയച്ചുകൊണ്ട് മനുഷ്യത്വത്തിനുമേൽ വളരെ വലിയ ഔദാര്യം ചെയ്തു.
മനുഷ്യൻ അതിനെ പ്രയോജനപ്പെടുത്താതെ തങ്ങളെ നശിപ്പിക്കുന്ന സ്വാർഥപരമായ നേട്ടങ്ങളുടെ
അടിമയായിരിക്കുകയാണെങ്കിൽ അതിനെക്കാൾ വലിയ ദൗർഭാഗ്യം മറ്റെന്താകാനാണ്.

വരിക! ശാന്തിയുടേയും സമാധാനത്തിന്റേയും പാഠം നല്കുന്ന ഈ മഹാനവർകളുമായി ചേർന്ന്
ഇഹലോകത്തും പരലോകത്തും നമ്മുടെ സമാധാനത്തിനുള്ള സാമഗ്രികളൊരുക്കുക.

നബി(സ)തിരുമേനിയുടെ സത്യസന്ധനായ ദാസനോടൊപ്പം തങ്ങളെ ചേർക്കേണ്ടതും അനിവാര്യമാണ്.
അപ്പോഴാണ് അറിവിന്റേയും ഈശ്വരീയജ്ഞാനത്തിന്റേയും ശരിയായ ഗ്രാഹ്യമുണ്ടാകുന്നത്.
ജനങ്ങളുടെ ഉള്ളിൽ സത്യസന്ധമായ സാഹോദര്യബന്ധം ഉണ്ടാകാത്തിടത്തോളം സമാധാനം സ്ഥാപിതമാകുകയില്ല.
യഥാർഥമായ സാഹോദര്യബന്ധം ഏകനായ ദൈവത്തെ വിശ്വസിക്കാത്തിടത്തോളം ഉണ്ടാകുകയുമില്ല.

## ജൽസസാലാന ജർമനിയിലെ(21-08-2022) ഹുദൂറിന്റെ സമാപന പ്രഭാഷണം
## ചോദ്യോത്തര രൂപത്തിൽ
## (ഹുദൂർ അൻവറിന്റെ അനുവാദത്തോടെ)

**ചോദ്യം**: ഹുദൂർ അൻവർ തന്റെ പ്രഭാഷണത്തിന്റെ തുടക്കത്തിൽ കോവിഡ് മഹാമാരിക്കുശേഷം ലോകത്തെ ഭയാനകമായൊരു വഴിത്തിരിവിൽ കൊണ്ടു നിറുത്തിയ ഏതൊരു വ്യാകുലതയെ കുറിച്ചാണ് പറഞ്ഞത്?

**ഹുദൂർപറഞ്ഞു:**ആദ്യം കോവിഡിന്റെ മഹാമാരി ലോകത്തെ വ്യാകുലപ്പെടുത്തി. ഇപ്പോൾ ആ മഹാമാരിയുടെ വ്യാകുലത അവസാനിക്കുന്നതിനു മുമ്പേ യുദ്ധങ്ങളുടെ സ്ഥിതിഗതി ലോകത്തെ അങ്ങേയറ്റം ഭയാനകമായ ഒരു വഴിത്തിരിവിൽ കൊണ്ടു നിറുത്തിയിരിക്കുന്നു. ലോകത്തിന്റെ ഒരു ഭാഗവും ഈ പ്രതീക്ഷിക്കുന്ന നാശത്തിൽ നിന്ന് സുരക്ഷിതമായി കാണാൻ കഴിയുന്നില്ല.

**ചോദ്യം**: ഹദ്റത്ത് മസീഹ് മൗഊദ് (അ)യൂറോപ്പിനേയും ഏഷ്യയേയും സംബന്ധിച്ച് എന്താണ് പ്രവചിച്ചത്?

**ഉത്തരം:**"അല്ലയോ യൂറേപ്പേ!നീയും രക്ഷയിലല്ല. അല്ലയോ ഏഷ്യാ!നീയും സുരക്ഷിതയല്ല. അല്ലയോ ദ്വീപുകളിൽ വസിക്കുന്നവരേ!ഒരു കൃത്രിമ ദൈവവും നിങ്ങളെ സഹായിക്കുകയില്ല. നഗരങ്ങൾ മറിഞ്ഞുവീഴുന്നത് ഞാൻ കാണുന്നു. ജനസമൃദ്ധമായ സ്ഥലങ്ങൾ ജനശൂന്യമാകുന്നതും ഞാൻ കാണന്നു."(ഹഖീഖത്തുൽ വഹി, റൂഹാനീ ഖസാഇൻ വാല്യം 22, പേജ് 269)

**ചോദ്യം**: യഥാർഥ സമാധാനം എപ്പോഴാണ് സ്ഥാപിതമാകുന്നത്?

**ഹുദൂർ:**വ്യക്തിയ്ക്കും കുടുംബത്തിനും വംശത്തിനും ദേശത്തിനും രാജ്യത്തിനുമതീതമായി സ്ഥാപിക്കാൻ ശ്രമിക്കുമ്പോഴാണ് യഥാർഥ സമാധാനമുണ്ടാകുന്നത്. ഒരു കേന്ദ്രഅച്ചുതണ്ട് കൈവരിക്കുന്നതിനുവേണ്ടി ചെയ്യുമ്പോഴാണ്. ഇതു സംഭാവ്യമാകുന്നത്, തന്റെമേൽ ഒരു ഉന്നത അസ്തിത്വമുണ്ടെന്നും അവൻ തനിക്കുവേണ്ടി മാത്രമല്ല സമാധാനം ആഗ്രഹിക്കുന്നതെന്നും പ്രത്യുത മുഴുലോകത്തുനുവേണ്ടിയുമാണ് ആഗ്രഹിക്കുന്നതെന്നും മനസ്സിലാക്കുമ്പോഴാണ്.

**ചോദ്യം:** അല്ലാഹു തന്നെയാണ് സമാധാനം നല്കുന്നത്. ഈ വിശ്വാസം ആരാണ് സമർപ്പിക്കുന്നത്?

**ഹുദൂർ:**അല്ലാഹു സമാധാനം നല്കുന്നവനാണെന്ന വിശ്വാസം ഇസ്‌ലാം മാത്രമാണ് നബി(സ)തിരുമേനി മുഖേന അവതരിപ്പിച്ചത്.

**ചോദ്യം:** എപ്പോഴാണ് നമ്മൾ ദൗർഭാഗ്യരെന്ന് പറയുപ്പെടുന്നത്?

**ഹുദൂർ:** അല്ലാഹു ഹദ്റത്ത് മുഹമ്മദു റസൂലുല്ലാഹി(സ)യേയും വിശുദ്ധ ഖുർആനേയും അയച്ചുകൊണ്ട് മനുഷ്യത്വത്തിനുമേൽ വളരെ വലിയ ഔദാര്യം ചെയ്തു. മനുഷ്യൻ അതിനെ പ്രയോജനപ്പെടുത്താതെ തങ്ങളെ നശിപ്പിക്കുന്ന സ്വാർഥപരമായ നേട്ടങ്ങളുടെ അടിമയായിരിക്കുകയാണെങ്കിൽ അതിനെക്കാൾ വലിയ ദൗർഭാഗ്യം മറ്റെന്താകാനാണ്.

**ചോദ്യം:** ഇക്കാലത്തെ ലോകത്തിന്റെ അവസ്ഥകളിൽനിന്ന് എങ്ങനെ രക്ഷപ്പെടാനാകും?

**ഹുദൂർ:**അത്തരം ഘട്ടത്തിൽ പ്രതീക്ഷയുടെ കിരണവും സമാധാനത്തിന്റെ ജാമ്യവും നല്കാൻ ആർക്കെങ്കിലും സാധ്യമെങ്കിൽ സമാധാനത്തിന്റേയും ശാന്തിയുടേയും അധ്യാപനവുമായി അല്ലാഹു ലോകത്തയച്ച ഒരാൾക്കു മാത്രമെ കഴിയുകയുള്ളു. അദ്ദേഹം സമാധാനത്തിന്റെ ചക്രവർത്തിയാണ്. അല്ലാഹുവിന് എല്ലാ മനുഷ്യരെക്കാളും ഏറെ ഇഷ്ടപ്പെട്ട വ്യക്തി അദ്ദേഹമാണ്. അദ്ദേഹത്തിനുമേൽ സമ്പൂർണവും തികവുറ്റതും അവസാനത്തേതുമായ അല്ലാഹുവിന്റെ ശരീഅത്ത് ഇറങ്ങി. അതിന്റെ അധ്യാപനം അനുരക്തിയുടേയും സ്നേഹത്തിന്റേതുമാണ്. അദ്ദേഹം തന്റെ അല്ലാഹുവുമായുള്ള ബന്ധം കാരണത്താലും തന്നിലിറങ്ങിയ അധ്യാപനത്തെ ലോകത്ത് പരത്തുന്നതിനാലും ലോകത്തെ നാശത്തിൽനിന്ന് രക്ഷിക്കുന്നതിനുള്ള ചിന്തയിലും അതിൽ കഠിനമായ വേദന തോന്നിയതുകൊണ്ടും തന്റെ ജീവിതം തളർത്തിയിരുന്നു. തന്റെ അവസ്ഥ ആ പരിധിവരെകൊണ്ടെത്തിക്കുകയും വിഷമംകൊണ്ട് വിറകൊള്ളുകയും കരഞ്ഞുകരഞ്ഞു അല്ലാഹുവിനോടു ദുആകളിരക്കുകയും ചെയ്തു. അവസാനം അല്ലാഹു നബി(സ)തിരുമേനിയോടു പറഞ്ഞു, *ലഅല്ലക്ക ബാഖിഉന്നഫ്സക്ക് അല്ലാ യകൂനൂ മുഅ്മിനീൻ* അവർ വിശ്വാസികളാകാത്ത കാരണത്താൽ (ദുഃഖംകൊണ്ട്)നീ നിന്റെ ജീവനെ നശിപ്പിച്ചേക്കുമോ!(26:4)

**ചോദ്യം**: യുദ്ധമുണ്ടായാൽ എങ്ങനെയുള്ള നാശമായിരിക്കുമുണ്ടാകുക?

**ഹുദൂർ**:ചില സ്ഥലങ്ങളിൽ നിരീക്ഷകർ പറയുന്നത് യുദ്ധങ്ങളുണ്ടായാൽ നാശമെന്തായാലുമുണ്ടാകും. അതെത്രമാത്രം ഭയാനകമായിരിക്കുമെന്നാൽ, ഒരു അനുമാനമനുസരിച്ച് യുദ്ധകാലത്തും അതിനുശേഷം വരുന്ന രണ്ടു വർഷവും ആണവായുധങ്ങൾ ഉപയോഗിച്ച

കാരണത്താൽ ലോകത്തിന്റെ 66%ജനങ്ങൾ ലോകത്തുനിന്ന് ഉന്മൂലനം ചെയ്യപ്പെടുമെന്നാണ്.

**ചോദ്യം:**യൂറോപ്പിലേയും പശ്ചിമാഫ്രിക്കയിലേയുമാളുകൾ ഏതു ധാരണയിലാണ് ഇരിക്കുന്നത്?

**ഹുദൂർ:**യൂറോപ്പും പാശ്ചാത്യരാജ്യങ്ങളും വികസിത രാജ്യങ്ങളും യുദ്ധങ്ങളുടെ സ്ഥിതിഗതികളും കലാപങ്ങളുടെ സ്ഥിതിഗതികളും പ്രദേശങ്ങളുടേയും രാജ്യങ്ങളുടേയും നാശങ്ങളുടെ അവസ്ഥകളും എവിടെയാണോ ഉണ്ടാകുന്നത് അത് തങ്ങളിൽനിന്ന് ആയിരക്കണക്കിന് മൈൽ ദൂരത്താണുള്ളതെന്നും തങ്ങൾ സുരക്ഷിതരാണെന്നുമുള്ള ധാരണയിലാണിരിക്കുന്നത്.

**ചോദ്യം:** വികസിതരാജ്യങ്ങൾ യുദ്ധത്തെ പ്രോത്സാഹിപ്പിക്കുന്നതിന് എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്?

**ഹുദൂർ:**വികസിത രാജ്യങ്ങൾ തങ്ങളുടെ ആയുധങ്ങൾ വിറ്റഴിക്കുന്നതിന് ആ രാജ്യങ്ങൾക്ക് ആയുധങ്ങൾ നല്കുന്നു. അവർ മരിക്കുന്നെങ്കിൽ മരിച്ചോട്ടെ തങ്ങൾക്കെന്തു സംഭവിക്കാനാണെന്ന് കരുതുന്നു.

**ചോദ്യം:** തങ്ങളുടെ നേട്ടത്തിനുവേണ്ടി ആയുധങ്ങൾ നല്കുന്ന വികസിത രാജ്യങ്ങൾ ഏതു കാര്യമാണ് മറന്നുപോയത്?

**ഹുദൂർ:**ഈ അവസ്ഥകൾ തങ്ങളേയും ബാധിക്കുമെന്ന കാര്യം അവർ മറന്നുപോയി. തങ്ങളുടെ പുരോഗതിയുടെ അഹന്തയിൽ അവരുടെ ബുദ്ധികൾ മരവിച്ചുപോയി. കണ്ണുകൾ അന്ധയായി. ഏതൊരു കാര്യമാണോ ഭീഷണിയായിട്ടുണ്ടായിരുന്നത് ഇപ്പോൾ അതുണ്ടായത് അതെല്ലാ ലോകവും കണ്ടുകൊണ്ടിരിക്കുന്നു. യൂറോപ്പിലും യുദ്ധാവസ്ഥകൾ ഉണ്ടായിരിക്കുന്നു.

**ചോദ്യം:**നമുക്കു നബി(സ)തിരുമേനിയോടു സത്യമായ സ്നേഹമുണ്ടെങ്കിൽ നമ്മളെന്താണ് ചെയ്യേണ്ടത്?

**ഹുദൂർ:**നമുക്ക് നബി(സ)തിരുമേനിയോടു സത്യസന്ധമായ സ്നേഹമുണ്ടെങ്കിൽ അവിടത്തെ അധ്യാപനം സ്വായത്തമാക്കുക. ലോകത്ത് പരത്തുകയും ചെയ്യുക. ഇന്ന് ലോകത്തിന്റെ ശാന്തിക്കും സമാധാനത്തിനും ഇതു മാത്രമാണ് പരിഹാരം. വരികയും ശാന്തിയുടേയും സമാധാനത്തിന്റേയും പാഠം നല്കുന്ന ഈ മഹാനവർകളുമായി ചേർന്ന് ഇഹലോകത്തും പരലോകത്തും നമ്മുടെ സമാധാനത്തിനുള്ള സാമഗ്രികളൊരുക്കുകയും ചെയ്യുക.

**ചോദ്യം:**നബി(സ)തിരുമേനിക്ക് അല്ലാഹുവിന്റെ സൃഷ്ടികളെ സംബന്ധിച്ച് എത്രമാത്രം വേദനയാണുണ്ടായിരുന്നത്?

**ഹുദൂർ:**നബി(സ)തിരുമേനിക്ക് അല്ലാഹുവിന്റെ സൃഷ്ടികളെ സംബന്ധിച്ച് എത്രമാത്രം വേദനയാണുണ്ടായിരുന്നത് എത്രമാത്രം അസ്വസ്ഥതയാണുണ്ടായിരുന്നത് എന്നതിനെ സംബന്ധിച്ച് അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:ല അല്ലക്ക ബാഖിഉന്നഫ്സക്ക് അല്ലാ യകൂനൂ മുഅ്മിനീൻ അവർ വിശ്വാസികളാകാത്ത കാരണത്താൽ(ദുഃഖംകൊണ്ട്)നീ നിന്റെ ജീവനെ നശിപ്പിച്ചേക്കുമോ!(26:4)

**ചോദ്യം:**ഉക്രൈൻ കാരണത്താൽ എന്ത് അവസ്ഥകളാണുണ്ടായിക്കൊണ്ടിരിക്കുന്നത്?

**ഹുദൂർ:**ഉക്രൈൻ കാരണത്താൽ റഷ്യയും നാറ്റോ(NATO)യിലെ രാജ്യങ്ങളും മുഖാമുഖം നില്ക്കുകയാണ്. അവസാനം വിജയം ആര് കരസ്ഥമാക്കുമെന്ന് അല്ലാഹുവാണ് നന്നായി അറിയുന്നവൻ. അല്ലെങ്കിൽ ഇരുഭാഗത്തും എത്ര നഷ്ടമുണ്ടാകുമെന്ന്! എന്നാൽ, അതിന്റെ ഫലങ്ങൾ വളരെ ഗുരുതരമായിരിക്കുമെന്നത് ദൃഢതരമായ കാര്യമാണ്. ഇപ്പോഴും ബുദ്ധിപൂർവം പ്രവർത്തിക്കുന്നില്ലെങ്കിൽ അതിന്റെ അവസാനം വളരെ ഭയാനകമായിരിക്കും.

**ചോദ്യം:** ചില നിരീക്ഷകർ യുദ്ധത്തിനുശേഷമുള്ള അവസ്ഥകളെ സംബന്ധിച്ച് എന്താണ് പറയുന്നത്?

**ഹുദൂർ:**ചില സ്ഥലങ്ങളിൽ നിരീക്ഷകർ പറയുന്നത് യുദ്ധങ്ങളുണ്ടായാൽ നാശമെന്തായാലുമുണ്ടാകും. അതെത്രമാത്രം ഭയാനകമായിരിക്കുമെന്നാൽ, ഒരു അനുമാനമനുസരിച്ച് യുദ്ധകാലത്തും അതിനുശേഷം വരുന്ന രണ്ടുവർഷവും ആണവായുധങ്ങൾ ഉപയോഗിച്ച കാരണത്താൽ ലോകത്തിന്റെ 66%ജനങ്ങൾ ലോകത്തുനിന്ന് ഉന്മൂലനം ചെയ്യപ്പെടുമെന്നാണ്. എങ്ങനെയുള്ള നാശമായിരിക്കുമുണ്ടാകുന്നതെന്നാൽ അതാർക്കും സങ്കല്പിക്കാൻതന്നെ പറ്റുകയില്ല.

**ചോദ്യം:** നബി(സ)തിരുമേനിയിലും വിശുദ്ധ ഖുർആനിലും വിശ്വസിക്കേണ്ടത് എന്തുകൊണ്ടാണ് നിർബന്ധമാകുന്നത്?

**ഹുദൂർ:** ഇന്ന് ആകാശത്തിനുകീഴിൽ ഒരേയൊരു നബിയും ഒരേയൊരു ഗ്രന്ഥവുമാണുള്ളത്. അതായത് ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ). ഉന്നതരായ പ്രവാചകന്മാരും പ്രവാചകന്മാരിൽ ഏറ്റവും ഉന്നതനും എല്ലാ പ്രവാചകന്മാരിൽ അത്യുന്നതനും ഖാത്തമുൽ അമ്പിയാഉം സൃഷ്ടികുലോത്തമനും. അദ്ദേഹത്തെ പിന്തുടർന്നുകൊണ്ട് അല്ലാഹുവിനെ ലഭിക്കുന്നതാണ്. അന്ധകാരങ്ങളുടെ ആവരണങ്ങൾ ഇല്ലാതായിത്തീരുന്നതാണ്. ഈ ലോകത്തുതന്നെ സത്യസന്ധമായ മോചനത്തിനുള്ള, മോക്ഷത്തിനുള്ള മാർഗം തെളിയുന്നതാണ്. വിശുദ്ധ ഖുർആൻ സത്യസന്ധമായ ഹിദായത്തോടുകൂടി പ്രഭാവത്തോടുകൂടി ഇറങ്ങിയിരിക്കുന്നു. അങ്ങനെ അതുമുഖേന ദൈവികമായ സന്ദേശങ്ങൾ നമുക്ക് ലഭ്യമാകുന്നു. അത് മനുഷ്യന്റെ മാനുഷികമായ എല്ലാ ദൗർബല്യങ്ങളിൽ നിന്നും രക്ഷിക്കുന്നു. അവൻ മനുഷ്യനെ അലസതയിൽ നിന്നും അതുപോലെ തന്നെ എല്ലാതരത്തിലുള്ള ആശങ്കകളിൽ നിന്നും രക്ഷപ്പെടുത്തുന്നു. അവൻ യഥാർഥ രീതിയിലുള്ള ആ വിശ്വാസത്തിലേക്ക് എത്തപ്പെടുന്നു. ഹഖുൽ യഖീനിലേക്ക് അവർ എത്തപ്പെടുന്നു.

**ചോദ്യം:** നമുക്കെപ്പോഴാണ് അറിവിന്റേയും ഈശ്വരീയജ്ഞാനത്തിന്റേയും ശരിയായ ഗ്രാഹ്യം കരസ്ഥമാകുന്നത്?

**ഹുദൂർ:**യഥാർഥ ഏകദൈവവിശ്വാസിതന്നെയാണ് ശാന്തിയുടേയും സമാധാനത്തിന്റേയും ധ്വജവാഹകൻ. മുസ്‌ലിമീങ്ങൾ യഥാർഥത്തിൽ ഈ പോയന്റ് മനസ്സിലാക്കുകയും അതനുസരിച്ച് തങ്ങളുടെ ജീവിതം വാർത്തെടുക്കുകയുമാണെങ്കിൽ ലോകത്ത് യഥാർഥ സമാധാനം ആഗ്രഹിക്കുന്നവർ അവരായിരിക്കും. പിന്നീട് പറയാനുള്ളത് നബി(സ)തിരുമേനിയുടെ സത്യവാനായ ദാസനോടൊപ്പം ചേർന്നിരിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണുതാനും. അപ്പോഴാണ് അറിവിന്റേയും ഈശ്വരീയജ്ഞാനത്തിന്റേയും ശരിയായ ഗ്രാഹ്യം കരസ്ഥമാകുന്നത്.

**ചോദ്യം**: യഥാർഥ ശാന്തിയും സമാധാനവും സ്ഥാപിക്കുന്നതിന് എന്താണ് അനിവാര്യമായിട്ടുള്ളത്?

**ഹുദൂർ:** ഓരോ അഹ്മദിയും ഇത് മനസ്സിലാക്കേണ്ടതാണ്. യഥാർഥ സമാധാനം ലോകത്ത് ഉണ്ടാക്കുന്നതിനുവേണ്ടി ഏകനായ അല്ലാഹുവുമായിട്ടുള്ള നമ്മുടെ വിശ്വാസത്തെ നാം ദൃഢീകരിക്കണം. അല്ലാഹുവുമായിട്ടുള്ള സ്നേഹം നമ്മുടെ ഹൃദയങ്ങളിൽ സന്നിവേശിപ്പിക്കണം. മറ്റൊരു സ്നേഹവും അതിനുപകരമായി ഉണ്ടാകാൻ പാടില്ല. അവന്റെ കൽപനകൾ അനുസരിച്ച് കർമങ്ങൾ ചെയ്യുന്നതിന് നബി(സ)തിരുമേനിമേനിയുടെമേൽ ഇറങ്ങിയിട്ടുള്ള സന്ദേശത്തെ അതായത് വിശുദ്ധ ഖുർആനിനെ തങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റുക. നമ്മുടെ നിലവാരം ഈ അവസ്ഥയിൽ എത്തുകയാണെങ്കിൽ, വിശുദ്ധ ഖുർആനിന്റെ ഓരോ കൽപനയും നബി(സ) തിരുമേനിയുടെ ഓരോ നിർദേശവും നമ്മുടെ വാക്കിന്റേയും പ്രവർത്തിയുടേയും ഭാഗമായിത്തീരുകയാണെങ്കിൽ മാത്രമേ ലോകത്ത് ഇസ്‌ലാമിന്റെ യഥാർഥ സമാധാന സന്ദേശം എത്തിക്കാൻ സാധിക്കുകയുള്ളൂ. അവർക്ക് യഥാർഥ സമാധാനത്തിന്റെ ആ രഹസ്യം, സന്ദേശം സമർപ്പിച്ചുകൊണ്ട് നമ്മുടെ കർമങ്ങൾകൊണ്ട് നമുക്ക് പറഞ്ഞുകൊടുക്കാൻ സാധിക്കുകയുള്ളൂ. ഇത് തന്നെയാണ് ലോകത്ത് യഥാർഥ സമാധാനം സ്ഥാപിക്കുതിനുള്ള മാർഗം.

**ചോദ്യം:** ജൽസയിൽ എത്രയാളുകൾ പങ്കെടുത്തു?

**ഹുദൂർ:** മൊത്തം ഹാജർ 19719 ആണ്. 4000 ൽ അധികം സ്ത്രീകളും 10000 ത്തിൽ അധികം പുരുഷന്മാരും പങ്കെടുത്തിട്ടുണ്ട്. കൂടാതെ മറ്റ് പല രീതിയിലും ഈ ജൽസയിൽ പങ്കെടുക്കുകയും ഭാഗഭാക്കാകയും ചെയ്യുന്നുണ്ട്. അതും 40000 ത്തിൽ അധികമാണ്.

**ചോദ്യം:**നബി(സ)തിരുമേനിയെ സത്യഹൃദയത്തോടെ പിൻപറ്റൽ മനുഷ്യനെ ഏതു സ്ഥാനത്തേക്കാണ് കൊണ്ടുപോകുന്നത്?

**ഹുദൂർ:**നബി(സ)തിരുമേനിയെ സത്യഹൃദയത്തോടെ പിൻപറ്റൽ മനുഷ്യനെ അല്ലാഹുവിനെ യഥാർഥമായും സ്നേഹിക്കുന്നവനാക്കിത്തീർക്കുന്ന സ്ഥാനത്ത് കൊണ്ടെത്തിക്കുന്നു. ഈ യഥാർഥ സ്നേഹം മനുഷ്യന്റെ എല്ലാ വാക്കിലും പ്രവൃത്തിയിലും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവനാക്കിത്തീർക്കുന്നു.

**ചോദ്യം:**ആരോടെങ്കിലും ആത്മാർഥമായ സ്നേഹമുണ്ടെങ്കിൽ എന്ത് അവസ്ഥയാണുണ്ടാകുക?

**ഹുദൂർ:**ആരോടെങ്കിലും സ്നേഹമുണ്ടാകുമ്പോൾ അവന്റെ എല്ലാ വാക്കും പ്രവൃത്തിയുമനുസരിച്ച് കർമം ചെയ്യാൻ മനുഷ്യൻ ശ്രമിക്കുന്നു. അവന്റെ എല്ലാ കാര്യങ്ങളും കേൾക്കാനും വിശ്വസിക്കാനും ശ്രമിക്കുന്നു.

## • അമീറുൽ മുഅ്മിനീന്റെ ഉപദേശം: •

'അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവരാണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.'(ജുമുഅ ഖുത്ബ 4 – 10 – 2019)

## • അല്ലാഹുവിന്റെ കലാം: •

ഇബ്റാഹീം പ്രാർഥിച്ചുകൊണ്ട് പറഞ്ഞ സന്ദർഭം സ്മരിക്കുക. എന്റെ നാഥാ ഈ പട്ടണത്തെ സമാധാന പൂർണമാക്കേണമേ. എന്നേയും എന്റെ സന്തതികളേയും ഞങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽനിന്ന് അകറ്റുകയും ചെയ്യേണമേ ( വിശുദ്ധ ഖുർആൻ 14:36)


## തൊഴിലാളികളെ ആവശ്യമുണ്ടോ?

നിങ്ങൾക്ക് ഡ്രൈവർ, കല്ലാശാരി, ഇലക്ട്രീഷ്യൻ, അല്ലെങ്കിൽ മറ്റു തൊഴിലാളികളെ ആവശ്യമുണ്ടോ? അധ്വാനികളും വിശ്വസ്തരുമായ തൊഴിലാളികൾക്ക് ഞങ്ങളുമായി ബന്ധപ്പെടുക

KHAIRUL ISLAM, JAYGAM -WEST BENGAL - Phone: 97348 44732

ത്വാലിബെ ദുആ: T.A. SUDHEER
AHMADIYYA JAMA-ATH, ALLEPPEY Ph:92497 38840

**ചോദ്യം:**പ്രസംഗത്തിന്റെ അവസാന ഭാഗത്ത് ഹുദൂർ ഏതെല്ലാം ദുആകളിലേക്കാണ് ശ്രദ്ധ ക്ഷണിച്ചത്?

**ഹുദൂർ:** ഇനി നമുക്ക് ദുആ ചെയ്യാം. ഈ ജൽസയിൽ പങ്കെടുക്കുന്ന എല്ലാവരേയും ജൽസയുടെ അനുഗ്രഹങ്ങളുടെ ഭാഗമാക്കിത്തീർക്കട്ടെ. എല്ലാവരേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആകളുടെ അവകാശികളാക്കിത്തീർക്കുമാറാകട്ടെ. ലോകത്തിന്റെ അവസ്ഥയിൽ എത്രയും പെട്ടെന്ന് എല്ലാ ഭാഗത്തും സമാധാനത്തിന്റെ ഒരവസ്ഥ ഉണ്ടാകുമാറാകട്ടെ. അങ്ങനെ നമ്മുടെ ജൽസ വീണ്ടും വലിയതലത്തിൽ എല്ലാ തരത്തിലുള്ള ആശങ്കയിൽ നിന്നും മുക്തരായിക്കൊണ്ട് നടത്താൻ നമുക്ക് കഴിയുമാറാകട്ടെ. നമ്മുടെ വൈജ്ഞാനികവും ആത്മീയവുമായിട്ടുള്ള ദാഹം ശമിപ്പിക്കുന്നതിന് കഴിയുമാറാകട്ടെ. യഥാർഥത്തിൽ നമ്മുടെ ജീവിതം ഈ ഇസ്‌ലാമിന്റെ അധ്യാപനമനുസരിച്ച് മാറ്റുന്നതിന് അല്ലാഹു നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ. അല്ലാഹുവിന്റെ സ്നേഹവും അവന്റെ അനുഗ്രഹങ്ങളും നമുക്ക് സ്വായത്തമാക്കാൻ കഴിയുമാറാകട്ടെ.

**ചോദ്യം:**നമുക്ക് എപ്പോഴും അല്ലാഹുവിന്റെ സന്തോഷം ലഭിക്കുന്നത്?

**ഹുദൂർ:**ഈ നിയമം മുന്നിൽവച്ചുകൊണ്ട് ഈ ചിന്താഗതി എപ്പോഴുമുണ്ടായിരിക്കേണ്ടതാണ്, ഞാൻ എനിക്കുവേണ്ടിയും എന്റെ ജനതയ്ക്കുവേണ്ടിയും അല്ലെങ്കിൽ രാജ്യത്തിനുവേണ്ടിയും മാത്രം സമാധാനം ആഗ്രഹിക്കുകയാണെങ്കിൽ ആ രീതിയിൽ അല്ലാഹുവിന്റെ സഹായവും അവന്റെ രക്ഷയും അവന്റെ സന്തോഷവും ഒരിക്കലും കിട്ടുകയില്ല. അല്ലാഹുവിനുവേണ്ടി എല്ലാം ചെയ്യണമെന്ന വിശ്വാസത്തിൽ മനുഷ്യൻ നിന്നാൽ യഥാർഥമായ സമാധാനം ഉണ്ടാകുന്നതായിരിക്കും, ഇല്ലെങ്കിലില്ല.

**ചോദ്യം:**ലോകത്തുണ്ടാകുന്ന യുദ്ധത്തിനെല്ലാം കാരണമെന്താണ്?

**ഹുദൂർ:**മനുഷ്യന്റെ ഉദ്ദേശ്യം പരിശുദ്ധമല്ലാത്തതുകൊണ്ടാണ് ലോകത്ത് ഈ യുദ്ധങ്ങളും ഫസാദുകളുമൊക്കെ ഉണ്ടാകുന്നത്.

**ചോദ്യം:**ആരുമുഖേനയാണ് നമുക്ക് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാൻ കഴിയുന്നത്?

**ഹുദൂർ:**അല്ലാഹു നബി(സ)തിരുമേനിയുടെമേൽ ഇറക്കിയ സന്ദേശത്തിൽ പറയുന്നു: *ഖദ് ജാഅക്കു മ്മിനല്ലാഹി നൂറുൻ വ്വ കിതാബുൻമ്മുബീൻ. യഹ്ദീ ബിഹില്ലാഹു മനിത്തബഅ രിള്‌വാനഹൂ സുബുലസ്സലാമി.*(5:16-17) തീർച്ചയായും അല്ലാഹുവിന്റെ പക്കൽനിന്ന് ഒരു പ്രകാശവും സ്പഷ്ടമായ ഒരുഗ്രന്ഥവും നിങ്ങൾക്ക് വന്നു കഴിഞ്ഞു. അല്ലാഹു അതുമുഖേന തന്റെ പ്രീതിയെ പിൻപറ്റിയവരെ രക്ഷാ മാർഗങ്ങളിലേക്ക് വഴി കാണിക്കുന്നതാണ്.

**ചോദ്യം:**നമുക്കെപ്പോഴാണ് നമ്മുടെ ദുൻയാവും ആഖിബത്തും നന്നാക്കാൻ കഴിയുന്നത്.

**ഹുദൂർ:**നമ്മളുടെ ഈ ലോകവും പരലോകവും നന്നാക്കുകയും സമാധാനത്തോടെ ജീവിക്കുകയും ചെയ്യണമെങ്കിൽ നമുക്ക് അല്ലാഹുവിന്റെ ഈ പരിശുദ്ധ വചനത്തെ നബി(സ)തിരുമേനിക്ക് ഇറങ്ങിയിട്ടുള്ള ഈ വചനങ്ങളെ എല്ലാ സമയത്തും നാം മുൻ നിറുത്തേണ്ടിയിരിക്കുന്നു. *യഹ്ദീ ബിഹില്ലാഹു മനിത്തബഅ രിള്‌വാനഹൂ സുബുലസ്സലാമി.*(5:17) ഈ പ്രകാശമാനമായ ഗ്രന്ഥത്തെ, ഇതിന്റെ സന്ദേശത്തെ മനസ്സിലാക്കുകയും പഠിക്കുകയും അതിനെ മുന്നിൽ വെക്കുകയും ചെയ്യേണ്ടതാണ്. അപ്പോൾ മാത്രമേ 'സുബ്‌ലുസ്സലാമിൽ' ചരിക്കുന്നവരായി നാം മാറുകയുള്ളൂ. സമാധാനത്തിന്റെ വഴികളിലൂടെ നീങ്ങുന്നവരായി നാം മാറുകയുള്ളൂ.

•••

## നമസ്കാരം

### ഹദ്റത്ത് മസീഹ് മൗഊദ് (അ)

നമസ്കാരത്തിൽ വെറും വാക്കുകളും പ്രാർഥനകളും മാത്രം മതിയാവില്ല എന്നാണ് സ്വലാത്ത് എന്ന പദം ദ്യോതിപ്പിക്കുന്നത്. ഉള്ളുരുക്കം, മനോദു:ഖം, വേദന ഇവ കൂടെയുണ്ടാകേണ്ടതും അനിവാര്യമാണ്. പ്രാർഥിക്കുന്നയാൾ മരണത്തിന്റെ അവസ്ഥയിൽ എത്തുവോളം ദൈവം ഒരു പ്രാർഥനയും കേൾക്കുന്നതല്ല. പ്രാർഥിക്കുക പ്രയാസകരമായ സംഗതിയാണ്. ജനങ്ങൾ ഇതിന്റെ യാഥാർഥ്യത്തെ സംബന്ധിച്ച് കേവലം അജ്ഞരത്രേ. ഞങ്ങൾ ഇന്ന സമയത്ത് ഇന്ന കാര്യത്തിനായി പ്രാർഥിച്ചെങ്കിലും ഫലമൊന്നും ഉണ്ടായില്ലെന്ന് നിരവധിയാളുകൾ എനിക്ക് കത്തെഴുതാറുണ്ട്. അങ്ങനെ അവർ ദൈവത്തെ സംബന്ധിച്ച് ദുർധാരണ വെച്ചു പുലർത്തുകയും നിരാശരായി നശിച്ചു പോവുകയും ചെയ്യുന്നു. പ്രാർഥനയുടെ അനിവാര്യ ഘടകങ്ങൾ കൂടെയില്ലാത്തിടത്തോളം അതു ഗുണമൊന്നും ചെയ്യുകയില്ലെന്ന് അവർ അറിയുന്നില്ല. ഹൃദയം ഉരുകുകയും ആത്മാവ് വെള്ളം കണക്കെ ദൈവ സമക്ഷം വീണു കൊണ്ട് കഠിന ദു:ഖവും അസ്വസ്ഥതയും സംജാതമാവുകയും ചെയ്യുക എന്നതാണ് പ്രാർഥനയുടെ അനിവാര്യ ഘടകങ്ങളിലൊന്ന്. അതോടൊപ്പം, മനുഷ്യൻ അക്ഷമനും ധൃതി കാണിക്കുന്നവനും ആവരുത്. മറിച്ച്, ക്ഷമയോടും സ്ഥിരചിത്തതയോടും പ്രാർഥനയിൽ മുഴുകിക്കൊണ്ടേ പോവുകയാണ് വേണ്ടത്. അങ്ങനെയെങ്കിൽ പ്രാർഥന സ്വീകരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കാം.

നമസ്കാരം എന്നത് ഉന്നത നിലയിലുള്ള പ്രാർഥനയാകുന്നു. എന്നാൽ അതെത്ര മാത്രം വിലപ്പെട്ടതാണെന്ന് ജനങ്ങൾ അറിയുന്നില്ല എന്നതാണ് ദു:ഖകരം. ഒരാചാരമെന്നോണം നില്ക്കുകയും കുനിയുകയും സാഷ്ടാംഗം പ്രണമിക്കുകയും ചെയ്തു കൊണ്ട് തത്തയെപ്പോലെ ഏതാനും വചനങ്ങൾ അർഥം അറിഞ്ഞാലും ഇല്ലെങ്കിലും ഉരുവിടുക മാത്രമാണ് യഥാർഥ നമസ്കാരം എന്നാണ് മനസ്സിലാക്കിയിരിക്കുന്നത്.ദു:ഖകരമായ മറ്റൊരു കാര്യവും സംജാതമായിരിക്കുന്നു. നമസ്കാരത്തിന്റെ യഥാർഥ്യത്തെ ചൊല്ലി മുൻപേ തന്നെ അജ്ഞരും അതിൽ ശ്രദ്ധ കൊടുക്കാതിരുന്നവരുമായിരുന്നു മുസ്ലിംകൾ. ഇപ്പോഴിതാ നമസ്കാരം അനുഷ്ഠിക്കുന്നതു തന്നെ ഒഴിവാക്കി കൊണ്ട് അതിന്റെ സ്ഥാനത്ത് ഏതാനും മന്ത്രജപങ്ങൾ ഉരുവിടുകയാണ് വേണ്ടതെന്ന് ഘോഷിക്കുന്ന ഫിർഖകൾ (സംഘടനകൾ) പിറവി കൊണ്ടിരിക്കുന്നു. ചിലർ നൗശാഹികളാണ്; ചിലർ ചിശ്തികളാണ്; ചിലർ മറ്റെന്തൊക്കെയോ ആണ്. ഇക്കൂട്ടർ ആന്തരികമായി ഇസ്ലാമിനെ ആക്രമിക്കുകയും ശരീഅത്തിന്റെ നിയന്ത്രണങ്ങളെ ഭഞ്ജിച്ചു കൊണ്ട് പുതിയ ശരീഅത്ത് സ്ഥാപിക്കുകയുമാണ് ചെയ്യുന്നത്. നമസ്കാരം എന്ന അനുഗ്രഹമുണ്ടായിരിക്കെ മറ്റ് ബിദ്അത്തിന്റെ (അനാചാരം) ആവശ്യം നമുക്കോ സത്യാന്വേഷികൾക്കോ ഇല്ലെന്ന് തീർച്ചയായും ഓർത്തു കൊള്ളുവിൻ. വല്ല പ്രയാസമോ ബുദ്ധിമുട്ടോ കണ്ടാൽ നബി (സ) ഉടനെ നമസ്കാരത്തിനായി എഴുന്നേൽക്കുമായിരുന്നു. നമസ്കാരത്തേക്കാൾ അല്ലാഹുവിലേക്കെത്തിക്കുന്ന മറ്റൊന്നില്ലെന്നത് നമ്മുടെയും മുൻകാല മഹാത്മാക്കളുടെയെല്ലാം അനുഭവമാണ്. മനുഷ്യൻ നില്ക്കുമ്പോൾ ആദരവിന്റെ രീതി അവൻ അവലംബിക്കുന്നു. ദാസൻ യജമാനനു മുൻപാകെ എപ്പോഴും ആദരവോടെയാണല്ലോ നില്ക്കാറ്. റുകൂഅ് (കുനിയൽ) ഖിയാമിനേക്കാൾ (നില്ക്കുന്നതിനേക്കാൾ) ഉപരിയായ ആദരവാകുന്നു. ആദരവിന്റെ പരമമായ സ്ഥാനമാണ് സജദ (സാഷ്ടാംഗ പ്രണാമം).

മനുഷ്യൻ അവനെ സ്വയം ദൈവത്തിൽ വിലയം പ്രാപിക്കുന്ന അവസ്ഥയിൽ തള്ളി വിടുന്ന നേരത്താണ് അവൻ സുജൂദിൽ വീഴുന്നത്. നമസ്കാരത്തെ അഴിച്ചു പണിയാൻ ആഗ്രഹിക്കുന്ന വിവരദോഷികളോടും ഭൗതികവാദികളോടും സഹതാപമാണുള്ളത്. റുകൂഇനെയും സുജൂദിനെയും സംബന്ധിച്ച് അവർ ആക്ഷേപങ്ങൾ ഉതിർക്കുന്നു. ഇവയാകട്ടെ, തികവുറ്റ സവിശേഷതകളാണ്.

സംഗതിയെന്താണെന്നു വെച്ചാൽ, നമസ്കാരം അതിന്റെ പാരമ്യതയിലെത്തുമ്പോഴുള്ള അനുഭവ ലോകത്തിൽ പങ്കുകൊള്ളാത്തിടത്തോളം മനുഷ്യകരങ്ങൾ ശൂന്യമാണ്. ദൈവത്തിൽ വിശ്വാസമില്ലാത്ത വ്യക്തി നമസ്കാരത്തിൽ എങ്ങനെ ദൃഢമായി വിശ്വസിക്കും? നന്മകളെ സ്വരുക്കൂട്ടുകയും തിൻമകളെ തുരത്തിയോടിക്കുകയും ചെയ്യുന്ന ഒന്നാണ് നമസ്കാരം. നമസ്കാരത്തിന് അഞ്ചു നേരങ്ങൾ നിശ്ചയിക്കപ്പെട്ടിട്ടുള്ളതിൽ ഒരു പൊരുളും യുക്തിയും അടങ്ങിയിട്ടുണ്ടെന്ന് ഞാൻ മുൻപും പല തവണ വ്യക്തമാക്കിയിട്ടുണ്ട്.

(മൽഫൂദാത്ത്,വാള്യം 5 പേ.94)

തർജമ: ആരിഫ് മുഹമ്മദ് കോഴിക്കോട്.

**ഖുത്ബ് ജുമുഅ 26-05-2023 കഴിഞ്ഞ ലക്കത്തിന്റെ പേജ് 11 ൽനിന്ന് തുടർച്ച**

പരാഗ്വേയിൽ നിന്നുള്ള ഒരു സ്ത്രീ ലിസാ പറയുന്നു:"അല്ലാഹു ഓരോരുത്തർക്കും സന്മാർഗം നല്കുന്നതിന് വ്യത്യസ്ത വഴികളുണ്ടാക്കിയിരിക്കുന്നു. ഇസ്‌ലാം-അഹ്മദിയ്യത്തിലേക്കുള്ള എന്റെ യാത്ര കൊറോണ എന്ന മഹാമാരി വ്യാപിച്ചിടെയാണ് ആരംഭിച്ചത്. ഒഴിവു സമയങ്ങളിൽ ഏതെങ്കിലും ഭാഷ പഠിക്കണമെന്ന് ഞാനാഗ്രഹിച്ചു. അങ്ങനെ ഞാൻ ഓൺലൈൻ അറബി പഠിക്കാൻ തുടങ്ങി. അറബി മുഖേന എനിക്ക് ഇസ്‌ലാമിനെ സംബന്ധിച്ച് ഒരുപാടു കാര്യങ്ങൾ മനസ്സിലായി. അങ്ങനെ ഞാൻ വായന തുടങ്ങി. ഒരു ദിവസം ഞാൻ ഫെയ്സ് ബുക് അക്കൊണ്ടു തുറന്നപ്പോൾ അതിൽ 'കോഫീ, കേക്ക് ആന്റ് ഇസ്‌ലാം' എന്ന പേരിൽ മസ്ജിദിലെ ഒരു പരിപാടിയിൽ പങ്കെടുക്കുന്നതിനുള്ള ക്ഷണക്കത്ത് വന്നിരിക്കുന്നതു കണ്ടു. ഞാനതിൽ പേര് രജിസ്റ്റർ ചെയ്ത് സമയത്തിനു ഹാജരായി. അവിടെ മുറബ്ബി സാഹിബും അദ്ദേഹത്തിന്റെ ഭാര്യയുമായി കൂടിക്കാഴ്ച നടത്തി. എന്റെ മനസ്സിൽ ആദ്യമുണ്ടായ സംശയം മസ്ജിദിൽ അറബികൾക്കുമാത്രമെ പ്രവേശനമുള്ളു എന്നായിരുന്നു. എന്നാൽ, അവിടെ പോയി ഇസിലാമിനെ സംബന്ധിച്ച് അറിഞ്ഞ കാര്യങ്ങൾ എന്നെ സംബന്ധിച്ചിടത്തോളം തികച്ചും പുതുമയുള്ളതായിരുന്നു. ഇസ്‌ലാം ദീനിൽ ഒരു കാര്യത്തിലും നിർബന്ധമില്ലെന്നും ഇസ്‌ലാം തികച്ചും സമാധാനത്തിന്റേയും ശാന്തിയുടേയും മതമാണെന്നും എനിക്കറിയാൻ കഴിഞ്ഞു. ആ രാത്രി ഞാൻ മസ്ജിദിൽനിന്ന് പുറത്തു വന്നപ്പോൾ എന്റെ കൈയിൽ വിശുദ്ധ ഖുർആനുണ്ടായിരുന്നു. അതിനുശേഷം മുറബ്ബി സാഹിബിന്റെ ഭാര്യയുമായി ഞാൻ സ്ഥിരമായി ബന്ധപ്പെടാൻ തുടങ്ങി. ഞാൻ അവരോടു ഒരുപാടു ചോദ്യങ്ങൾ ചോദിച്ചു. അവരുടെ വാരാന്ത ക്ലാസ്സുകളിലും പങ്കെടുത്തു. മുഴുവൻ നമസ്കാരവും മനഃപ്പാഠമാക്കാനും പഠിക്കാനും ഞാൻ സ്വയം തീരുമാനമെടുത്തു. അങ്ങനെ രണ്ടുമാസം പിന്നിട്ടു. എല്ലാ ദിവസവും എഴുന്നേല്ക്കുമ്പോഴും ഇരിക്കുമ്പോഴും ഇസ്‌ലാമിനെ കുറിച്ച് ചിന്തിക്കാൻ തുടങ്ങി. ഒരു ദിവസം എന്റെ ഭർത്താവ് മസ്ജിദിൽനിന്ന് എന്നെ കൊണ്ടുപോകാൻ വന്നു. തിരിച്ചുവരുമ്പോൾ ഞാൻ അദ്ദേഹത്തോടു ഇന്ന ഇന്ന കാര്യങ്ങളൊക്കെ പഠിച്ചുവെന്നു പറഞ്ഞു. അപ്പോൾ അദ്ദേഹം നീ എന്തുകൊണ്ട് മുസ്‌ലിമാകുന്നില്ലെന്ന് ചോദിച്ചു. ഇതു കേട്ടപ്പോൾ ഞാൻ തികച്ചും നിശബ്ദയായി. എന്റെ കണ്ണുകളിൽ കണ്ണീർ നിറഞ്ഞു. കാരണം ആ നേരത്ത് എന്റെ ജീവിതത്തിൽ മുസ്‌ലിമാകണമെന്ന ആഗ്രഹം മാത്രമാണുണ്ടായിരുന്നത്. പക്ഷേ, എന്നെ സംബന്ധിച്ചിടത്തോളം അത് വളരെ വലിയൊരു തീരുമാനമായിരുന്നു. എന്തായാലും അവസാനം ഞാൻ അഹ്മദി മുസിലിമാകാൻ തീരുമാനമെടുത്തു. ഞാൻ ജമാഅത്തിനെ സംബന്ധിച്ച് കൂടുതൽ പഠിക്കുകയും മനസ്സിലാക്കുകയും ചോദ്യങ്ങൾ ചോദിക്കുകയും ചെയ്തു. കൃത്യമായി കാലത്തിന്റെ ഖലീഫയുടെ പ്രഭാഷണങ്ങൾ കേട്ടു. ഞാൻ ശരിയായ വഴിയിലാണെന്ന് എനിക്കു ബോധ്യമായി. നമ്മുടെ പക്കൽ സന്മാർഗമുണ്ട്. നമുക്കൊരു ഇമാമുണ്ട്. അദ്ദേഹം നമ്മുടെ കാര്യങ്ങൾ ശ്രദ്ധിക്കുന്നു. നമുക്ക് മാർഗനിർദേശങ്ങൾ നല്കുകയും നമുക്കു വേണ്ടി പ്രാർഥിക്കുകയും ചെയ്യുന്നു. ഇനിയും എനിക്കു കുറെ കാര്യങ്ങൾ പഠിക്കാനുണ്ടെങ്കിലും അഹ് മദിയ്യ ജമാഅത്തിനെ സംബന്ധിച്ചിടത്തോളം എന്റെ മനസ്സ് സംതൃപ്തമാണ്." അവർ ബയ്അത്ത് ചെയ്ത് ഏതാനും മാസങ്ങൾക്കുശേഷം അവരുടെ ഭർത്താവും ബയ്അത്തു ചെയ്തു. ഇവർ പരാഗ്വേ ജമാഅത്തിലെ വളരെ ആത്മാർഥരായ സജീവാംഗങ്ങളാണ്.

കോംഗോ കിൻഷാസായിലെ ഒരു സ്ഥലമാണ് ബുകാവു. ആ പട്ടണത്തിന്നടുത്ത് ഒരു ചെറിയ ഗ്രാമ പ്രദേശമുണ്ട്. അവിടെയുണ്ടായിരുന്ന അഹ്മദ് ബട്ടാട്ടോ സാഹിബ് തന്റെ എട്ടു കുടുംബാംഗങ്ങളോടൊപ്പം ബയ്അത്ത് ചെയ്തു. അതിനുശേഷം തബ്‌ലീഗ് ചെയ്യാനും തുടങ്ങി. അദ്ദേഹത്തിന്റെ തബ്‌ലീഗിന്റെ ഫലമായി 62 പേരുകൂടി ബയ്അത്ത് ചെയ്തു. അദ്ദേഹം പറയുന്നു:അഹ് മദിയ്യ ജമാഅത്തിൽ ചേരുന്നതിനുള്ള ഏറ്റവും വലിയ നിമിത്തമായത് കാലത്തിന്റെ ഖലീഫയുടെ വ്യക്തിത്വവും ഖിലാഫത്ത് സംവിധാനവുമാണ്. അമീർ സാഹിബ് പറയുന്നു:ഞാൻ അദ്ദേഹത്തെഓൺലൈനായി വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നുണ്ട്. അദ്ദേഹം പറയുന്നു: അഹ്മദിയ്യ ജമാഅത്തിൽ വരുന്നതിനുമുമ്പേ സുന്നീ മുസ്‌ലിമായിരുന്നു. അദ്ദേഹം അക്കാലങ്ങളിലൊക്കെ സുന്നീ മുസ് ലിമീങ്ങളെന്തുകൊണ്ടാണ് വെറുപ്പ് പ്രചരിപ്പിക്കുന്നതെന്നും അവർക്കിടയിൽ എന്തുകൊണ്ടാണ് ഇത്രയധികം ഭിന്നതയെന്നും അവർ സത്യത്തിലാണെങ്കിൽ എന്തുകൊണ്ടാണ് അവർക്ക് പിൻപറ്റാൻ പറ്റിയ ഒരു നേതാവില്ലാത്തതെന്നും തന്നോടു തന്നെ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരുന്നു. ഈ അസ്വസ്ഥഭരിതമായ അവസ്ഥയിൽ എം.ടി.എ മുഖേന ഖലീഫത്തുൽമസീഹിന്റെ ഖുത്വ്ബകളുമായി എനിക്ക് ബന്ധമുണ്ടായി. എനിക്ക് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)സത്യവാനാണെന്ന് ഉൾവിളിയുണ്ടായി. അതോടൊപ്പംതന്നെ എല്ലാ മുസ്‌ലിമീങ്ങളും അഹ്മദികളെ എന്തുകൊണ്ടാണ് കാഫിർ എന്ന് പറയുന്നതെന്നും എന്റെ ഉള്ളിൽ ചോദ്യമുയർന്നു. അവാസാനം ടാൻസാനിയായിലെ ഒരു അഹ്മദി സുഹൃത്തുമായും, പിന്നീട് ഫ്രാൻസിലെ ഒരു അഹ്മദി സുഹൃത്തുമായും അവസാനം ഈ പ്രദേശത്തെ മുബല്ലിഗ് മുസമ്മിലുമായും ബന്ധപ്പെട്ടു. അവരെല്ലാവരും എനിക്ക് ജമാഅത്തിന്റെ പുസ്തകങ്ങൾ തന്നു. അതെല്ലാം വായിക്കുകയും പഠിക്കുകയും ചെയ്ത ശേഷം ഞാൻ ബയ്അത്തു ചെയ്തു. പിന്നീട് അദ്ദേഹം അവിടെ തന്റെ നാട്ടിൽ തബ്‌ലീഗ് ചെയ്യുകയും അതുകാരണത്താൽ ജമാഅത്ത് വളരുകയും ചെയ്തു.

കോംഗോ കിൻഷാസായിലെ അമീർ സാഹിബ് പറയുന്നു:അവിടെ മവാനീ ടീബോ സാഹിബയുണ്ട്. അവർക്ക് 82 വയസ്സായിരിക്കുന്നു. അവർ പറയുന്നു:ഞാൻ മുസ്‌ലിമായിരുന്നു. പക്ഷേ, 42-ാമത്തെ വയസ്സിൽ ക്രിസ്ത്യാനിയായി. കാരണം എന്റെ മകൻ ഒരു ചർച്ചിൽ പാതിരിയായിരുന്നു. ഒരു ദിവസം റേഡിയോയിൽ ഖലീഫത്തുൽമസീഹിന്റെ ഖുത്വ്ബയുടെ ഫ്രഞ്ച് തർജമ കേട്ടു. അതുകേട്ടുടനെ മിഷൻഹൗസിലേക്ക് ഫോൺ വിളിച്ച് താൻ കാലത്തിന്റെ ഇമാമിന് ബയ്അത്തു ചെയ്യാനാഗ്രഹിക്കുന്നുവെന്ന് പറഞ്ഞു. കൂടാതെ തന്റെ മകനോടു പറഞ്ഞു, ഞാൻ മരണപ്പെട്ടാൽ അഹ്മദികൾ എന്റെ ജനാസ നമസ്കരിക്കുന്നതാണ്.

കാമറൂണിലെ മുബല്ലിഗ് ഇൻചാർജ് പറയുന്നു:അവിടെ മറോവ എന്ന സ്ഥലത്തുള്ള ഉമർ സുബയ്ർ സാഹിബ് 2022 ലെ കാമറൂൺ ജൽസാസാലാനയിൽ പങ്കെടുക്കാൻ വന്നിരുന്നു. അദ്ദേഹം മുബല്ലിഗ് സാഹിബിനോടു താൻ അഹ്മദിയായ കാരണങ്ങൾ പറഞ്ഞിരുന്നു. ഉമർ സാഹിബ് പറയുന്നു: എം.ടി.എ ആഫ്രിക്ക മുഖേന എനിക്ക് ജമാഅത്തിനെ കുറിച്ച് പരിചയപ്പെടാൻ അവസരമുണ്ടായി. ഞാൻ വളരെ താൽപര്യപൂർവം ഖലീഫത്തുൽമസീഹിന്റെ ജുമുഅ ഖുത്വ്ബകൾ കേട്ടുകൊണ്ടിരുന്നു. ഓരോ ഖുത്വ്ബ കേൾക്കുന്നതോടൊപ്പം ജമാഅത്തുമായുള്ള എന്റെ ബന്ധവും വർധിച്ചുവന്നു. എന്റെ അറിവിലും വർധനയുണ്ടായി. 2021 നവംബറിലെ ആദ്യ ജുമുഅ ഖുത്വ്ബയിൽ ഖലീഫത്തുൽ മസീഹ് തഹ്‌രീക്കെ ജദീദിന്റെ സംഭവങ്ങളും ത്യാഗങ്ങളും വിവരിച്ചപ്പോൾ ഇസ്‌ലിമിനുവേണ്ടി ഇത്രധികം സേവനങ്ങൾ ചെയ്യുന്ന ജമാഅത്ത് അല്ലാഹുവിൽനിന്നുള്ളതാണെന്ന് എനിക്ക് പൂർണ ബോധ്യമായി. എനിക്ക് നല്ല സംതൃപ്തിയായി. അങ്ങനെ ഞാൻ ബയ്അത്തു ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു. അതിനുശേഷം ഞാൻ വളരെ സംതൃപ്തിയിലും സമാധാനത്തിലുമാണ്.

സിയറ ലിയോണിലെ വാട്ടർലൂ എന്ന സ്ഥലത്തെ മുറബ്ബി സാഹിബ് പറയുന്നു:അവിടുത്തെ അൽഫാ സാഹിബ് പറയുകയാണ്. കഴിഞ്ഞ വർഷം അൽഫാ സാഹിബിനെ എന്റെ ഖുത്വ്ബകൾ എം.ടി.എ മുഖേന കാണാൻ ക്ഷണിക്കുകയുണ്ടായി. അദ്ദേഹം തന്റെ കുടുംബത്തോടൊപ്പം വന്നു. അതുകേട്ടപ്പോൾ അദ്ദേഹം ഏറെ പ്രഭാവിതനാകുകയും കുടുംബത്തിലെ എട്ടു അംഗങ്ങളോടൊപ്പം ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിക്കുകയും ചെയ്തു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിൽ പ്രവേശിച്ചശേഷം വളരെ ആത്മാർഥമായി ജമാഅത്തിന്റെ സേവനങ്ങളിൽ പങ്കെടുക്കുന്നു. അവിടെ മസ്ജിദ് പുനർനിർമാണം നടന്നപ്പോൾ മുഴുവൻ സമയവും തൊഴിലാളിയെപ്പോലെ വഖാറെ അമലിൽ പങ്കെടുത്തിരുന്നു.നഫ്ൽ നോമ്പെടുക്കുകയും അവിടെയുള്ളവർക്ക് നോമ്പെടുക്കാനുള്ള സംവിധാനമൊരുക്കകയും ചെയ്യുന്നു.

ബംഗ്ലദേശ് അമീർ സാഹിബ് എഴുതുന്നു:ഇവിടെ ജമാഅത്തിലെ തബ്‌ലീഗ് സെക്രട്ടറിക്ക് ഒരു പ്രസ്സുണ്ട്. അതിൽ ബിലാൽ എന്നു പേരുള്ള ഒരു യുവ തൊഴിലാളിയുണ്ട്. അയാളെ ജമാഅത്തിനെ കുറിച്ച് പരിചയപ്പെടുത്തിയപ്പോൾ നമ്മുടെ കേന്ദ്ര മസ്ജിദിൽ വരാൻ തുടങ്ങുകയും അവിടെ എന്റെ ഖുത്വ്ബകൾ കേൾക്കാൻ അവസരം ലഭിക്കുകയും ചെയ്തു. കുറച്ചു കാലത്തിനു ശേഷം അദ്ദേഹം ബയ്അത്തു ചെയ്തു. പക്ഷേ, അദ്ദേഹത്തിന്റെ ഭാര്യ ബയ്അത്ത് ചെയ്തിട്ടുണ്ടായിരുന്നില്ല. വിവാഹം കഴിഞ്ഞ് ഏഴു വർഷമായെങ്കിലും മക്കളില്ലായിരുന്നു. ഇദ്ദേഹം ഭാര്യയോടു പറഞ്ഞു:അല്ലാഹു നമുക്ക് മക്കളെ തരാൻവേണ്ടി ഖലീഫത്തുൽ മസീഹിന് ദുആയ്ക്കെഴുതാം. ആളുകളെല്ലാം പറയുന്നുണ്ട്. നമുക്കും ഒന്നെഴുതി നോക്കാം. അദ്ദേഹം തന്റെ ഭാര്യയെ ദുആയ്ക്കുവേണ്ടി അപേക്ഷിച്ച് ഒരു പരീക്ഷണം നടത്താമെന്നു കരുതി സമാധാനിപ്പിച്ചു. ദുആയ്ക്കുവേണ്ടി അപേക്ഷിക്കുകയും ചെയ്തു. കുറച്ചു മാസങ്ങൾക്കു ശേഷം ഭാര്യ ഗർഭം ധരിച്ചു. ഇതു ഖലീഫത്തുൽമസീഹിന്റെ ദുആയുടെ ഫലമായി അല്ലാഹു നല്കിയ ഔദാര്യമാണെന്ന് അദ്ദേഹത്തിന്റെ ഭാര്യയ്ക്കും ബോധ്യമായി. അങ്ങനെ അദ്ദേഹത്തിന്റെ ഭാര്യയും ബയ്അത്തു ചെയ്തു.

ബെൽജിയം അമീർ സാഹിബ് പറയുന്നു:മൊറോക്കോയിലെ ഒരു സുഹൃത്ത് കുറെ കാലമായി അവിടെ താമസിക്കുന്നുണ്ട്. അദ്ദേഹം അഹ്മദിയ്യത്തിനെ കുറിച്ച് പഠിച്ചശേഷം ബയ്അത്ത് ചെയ്തു.അദ്ദേഹം പറയുന്നു:ഞാൻ ചെറുപ്പം മുതൽ ധാരാളം ഉലമാഇന്റെ സഹവാസത്തിൽ സമയം ചെലവഴിച്ചിട്ടുണ്ട്. പക്ഷേ, ഖലീഫത്തുൽമസീഹിന്റെ ഖുത്വ്ബകൾ വിശുദ്ധ ഖുർആനിന്റെ തഫ്സീറാണെന്നുമാത്രമല്ല പ്രത്യുത മനുഷ്യനെ അല്ലാഹുവിന്റെ സമീപത്ത് കൊണ്ടുപോകുകയും

**• ഹദീസുന്നബവി: •**

**അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദി കാണിക്കുന്നില്ല(മുസ്നദ് അഹ്മദ്)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**

**• കലാമുൽ ഇമാം: •**

**'ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു.' (മൽഫൂദാത്ത് വാള്യം.1 പേജ്.220)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി Weekly **BADAR** Qadian
ഖാദിയാൻ
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-8 Thursday 29 June 2023 Issue-27

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

ചെയ്യുന്നു. അദ്ദേഹത്തിന്റെ ഖുത്വ്ബകൾ കേട്ടതിനുശേഷം എനിക്ക് നമസ്കാരത്തിലെ രുചി കിട്ടാൻ തുടങ്ങി.അല്ലാഹു എനിക്ക് സത്യമായ സ്വപ്നങ്ങളും കാണിച്ചുതന്നു. അഹ്മദിയ്യത്ത് എന്റെ ജീവിതം മാറ്റി മറിച്ചു. അദ്ദേഹം ഇതു സ്മരിക്കുമ്പോഴെല്ലാം കണ്ണുകൾ നിറയുമായിരുന്നു.

സിയറ ലിയോണിലെ കെനേമ എന്ന സ്ഥലത്തെ മുറബ്ബി പറയുന്നു:ഒരിടത്ത് അഞ്ഞൂറിലേറെ അനഹ്മദികൾ സംഘടിച്ചിരുന്നു. അവിടെ ഒരാൾ എഴുന്നേറ്റുനിന്ന് പറഞ്ഞു:അഹ്മദി മാത്രമാണ് ഇസ്‌ലാമിന്റെ സത്യമായ പാതയിലുള്ളത്. നമ്മളാണെങ്കിൽ അവരെ വെറുക്കുകയും ചെയ്യുന്നു. കാരണം അവർ എപ്പോഴും സത്യമെ പറയാറുള്ളു. ഏതെങ്കിലും വസ്തു വെളുത്തതാണെങ്കിൽ അവർ അതിനെ വെളുത്തതെന്നു തന്നെ പറയുന്നു. പക്ഷേ, ഏതെങ്കിലും വസ്തു കറുത്തതാണെങ്കിൽ നമ്മൾ അതിനെ വെളുത്തതെന്ന് പറയുന്നു. ഇക്കാരണത്താലാണ് നമ്മളിൽ സത്യവും ഐക്യവുമില്ലാത്തത്. ആ പ്രദേശത്തെ ഒരു ഇമാം സാഹിബും എഴുന്നേറ്റുനിന്നു പറഞ്ഞു:അഹ്മദികളുടെ ഖലീഫയുടെ ഖുത്വ്ബകൾ നിങ്ങൾ കേൾക്കുകയാണെങ്കിൽ നിങ്ങൾക്ക് ഇസ്‌ലാമിന്റെ ശരിയായ അധ്യാപനങ്ങളുടെ അറിവു ലഭിക്കും.

ഞാൻ അഹ്മദിയ്യത്ത് സ്വീകരിച്ചിട്ടില്ല. എന്നാൽ, എല്ലാ ജുമുഅ ദിവസവും അവരുടെ ഖലീഫയുടെ ഖുത്വ്ബ നിർബന്ധമായും കേൾക്കുന്നു. നിങ്ങൾ കേൾക്കുകയാണെങ്കിൽ നിങ്ങൾക്ക് ഇസ്‌ലാമികാധ്യാപനങ്ങളുടെ അറിവുണ്ടാകും. ഖുത്വ്ബ അവസാനിക്കുന്നത് നിങ്ങളുടെ മനസ്സ് ഇഷ്ടപ്പെടുകയില്ല.

പിന്നീട് മശാക്കാ റീജ്യണിലെ മുബല്ലിഗ് പറയുന്നു:ഞാൻ ബാങ്കിൽ ഒരാവശ്യത്തിന് പോയതായിരുന്നു. അവിടുത്തെ പണി കഴിഞ്ഞപ്പോൾ നല്ല വിശപ്പുതോന്നി. അങ്ങനെ ഞാൻ ഒരു ഹോട്ടലിൽ ഭക്ഷണം കഴിക്കാൻ കയറി. അവിടെ ഹോട്ടലിലുണ്ടായിരുന്ന ടി.വി.യിൽ എം.ടി.എ പരിപാടി വരുന്നുണ്ടായിരുന്നു. അവിടെയുള്ളവർ അതുകണ്ടുകൊണ്ടിരിക്കുകയാണ്. ഞാൻ അവിടുത്തെ ഉത്തരവാദപ്പെട്ടവരോടു ചോദിച്ചപ്പോൾ അവർ പറഞ്ഞു:ഞങ്ങൾ മിക്കപ്പോഴും ഈ ചാനൽ കാണാറുണ്ട്. ഈ ചാനലിൽ പറയുന്ന കാര്യങ്ങൾ വളരെ നല്ലതാണ്. അതു നമുക്ക് പ്രയോജനകരമാണ്. ഈ ചാനൽ കാണുന്നത് ഞങ്ങൾക്കിഷ്ടവുമാണ്.

ഇങ്ങനേയും അല്ലാഹു ജമാഅത്തിന്റെ തബ്‌ലീഗിനുള്ള സാഹചര്യമൊരുക്കുന്നു. അന്യർക്ക് ഖിലാഫത്തിന്റെ പ്രാധാന്യവും വ്യക്തമാക്കിക്കൊടുക്കുന്നു.

മാലിയിലെ മുബല്ലിഗ് ഉമർ മആദ് സാഹിബ് എഴുതുന്നു:ഇവിടുത്തെ ജിഹ്ബനീ റീജ്യണിലെ അംഗമായ ജാലാ സാഹിബ് പറയുന്നു:അപകടം കാരണം അദ്ദേഹത്തിന്റെ കാലിലെ എല്ലുകൾ പൊട്ടിയിരുന്നു. അദ്ദേഹം ഒരുപാട് ചികിത്സകൾ നടത്തി. ഇത്തരത്തിലുള്ള ചികിത്സയോടൊപ്പം ഡോക്ടർമാരെക്കൊണ്ട് ചെക്കപ്പും നടത്തിയിരുന്നു. കുറേ മാസങ്ങൾക്കുശേഷവും എല്ലുകൾ കൂടുന്നുണ്ടായിരുന്നില്ല. ഇനി എല്ലുകൾ കൂടുകയില്ലെന്നറിഞ്ഞപ്പോൾ അദ്ദേഹവും അദ്ദേഹത്തിന്റെ കുടുംബവും ഏറെ വിഷമത്തിലായി. അദ്ദേഹം പറയുന്നു, ഒരു ദിവസം അദ്ദേഹം ഖലീഫത്തുൽമസീഹ് അൽഖാമിസ് അദ്ദേഹത്തിനുവേണ്ടി ദുആ ചെയ്യുന്നത് സ്വപ്നം കണ്ടു. താൻ സ്വപ്നത്തിൽത്തന്നെ ആമീൻ പറയുന്നത് കണ്ടുവെന്നും അദ്ദേഹം പറയുന്നുണ്ട്. അദ്ദേഹം പറയുന്നു: അതിനുശേഷം ഞാനുണർന്നപ്പോൾ ആമീൻ എന്നു പറഞ്ഞുകൊണ്ട് എന്റെ കാലുകളിൽ തടവി. അതിനുശേഷം അല്ലാഹു എനിക്കുമേൽ ഒരുപാട് അനുഗ്രഹം ചൊരിഞ്ഞു. എല്ലുകൾ കൂടിച്ചേരാത്തതുകൊണ്ട് ഒരുപാട് നിരാശപ്പെട്ടിരുന്നു. പക്ഷേ, അത് മെല്ലെ മെല്ലെ കൂടിച്ചേരാൻ തുടങ്ങി. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാൻ പൂർണമായും സുഖപ്പെട്ടിരിക്കുന്നു. ഇപ്പോൾ ആർക്കും എന്റെ കാലിലെ എല്ലുകൾ പൊട്ടിയിട്ടുണ്ടായിരുന്നുവെന്ന് പറയാൻ പറ്റുകയില്ല. അല്ലാഹു ഇങ്ങനേയും ഖിലാഫത്തുമായുള്ള ബന്ധം സുദൃഢമാക്കാനുള്ള സംവിധാനം ഒരുക്കുന്നു.

അന്യർക്കുമേൽ എന്തുമാത്രം പ്രഭാവമാണുണ്ടാകുന്നത്. കോംഗോ കിൻഷാസ അമീർ സാഹിബ് എഴുതുന്നു:കോംഗോയിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്ത് റേഡിയോ സ്റ്റേഷനു പുറമെ 23 തദ്ദേശ എഫ്.എം റേഡിയോ മുഖേനയും എല്ലാ ആഴ്ചയും തബ്‌ലീഗുപരവും തർബിയ്യത്തുപരവുമായ പരിപാടികളും എന്റെ ജുമുഅ ഖുത്വ്ബകളും കൃത്യമായി പ്രക്ഷേപണം ചെയ്യപ്പെടുന്നുണ്ട്. ബന്ദുൻണ്ടു എന്ന സ്ഥലത്ത് പ്രത്യേക ടി.വി സ്റ്റേഷനുകളിലും ഖുത്വ്ബകൾ നേരിട്ട് സംപ്രേഷണം ചെയ്യുന്നു. ഖുത്വ്ബകൾക്ക് വളരെ നല്ല Feedback ആണ് ലഭിക്കുന്നത്. ഒരു പ്രാദേശിക ക്രിസ്ത്യൻ ഡോക്ടർ വഴിയിൽവച്ചു കണ്ടപ്പോൾ പറഞ്ഞു, ഞാൻ നിങ്ങളുടെ ഇമാമിന്റെ ഖുത്വ്ബകൾ കേൾക്കാറുണ്ട്. അദ്ദേഹം നല്ല പ്രഭാവം ചെലുത്തിക്കൊണ്ടുള്ള രീതിയിലാണ് അതു നിർവഹിക്കുന്നത്. നിങ്ങളത് തദ്ദേശ ഭാഷയിൽ ചെയ്യണമെന്നാണ് എന്റെ അപേക്ഷ. അങ്ങനെ ഒരുപാടാളുകൾ അതിൽനിന്ന് പ്രയോജനമെടുക്കുന്നുണ്ട്.

അല്ലാഹു ഇങ്ങനേയും ഇസ്‌ലാം-അഹ്മദിയ്യത്തിന്റെ സന്ദേശം എത്തിക്കാനുള്ള സംവിധാനം ചെയ്യുന്നു. അന്യനായ ഒരാൾ ഖലീഫയുടെ ശബ്ദം ജനങ്ങളിലെത്തിക്കണമെന്ന കാര്യത്തിൽ ശ്രദ്ധ ചെലുത്തുന്നു! ഇങ്ങനെ നമുക്ക് അനുകൂലമായി മണ്ണ് ശരിയാകുന്നു. ഒരു സമയം വരുമ്പോൾ ഇവരുടെ മനസ്സുകളും ഇൻശാഅല്ലാഹ് തുറക്കുന്നതായിരിക്കും. അവർ അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാമിനെ തിരിച്ചറിയുകയും ചെയ്യും. ചുരുക്കിപ്പറഞ്ഞാൽ ഖിലാഫത്തിനോടൊപ്പം അനുഗ്രഹങ്ങൾ തുടരുമെന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു അല്ലാഹു ചെയ്തിട്ടുള്ള വാഗ്ദാനമാണ്. അതാണ് വളരെ അത്ഭുതകരമായ രീതിയിൽ പുലർന്നുകൊണ്ടിരിക്കുന്നത്. മനുഷ്യചിന്തകൾക്ക് അതിനെ വലയം ചെയ്യാൻ സാധിക്കുകയില്ല. സ്വന്തമാളുകൾക്കും അന്യർക്കുമുണ്ടായിട്ടുള്ള ഈ സംഭവങ്ങളും അല്ലാഹുവിന്റെ അടയാളങ്ങളും അഹ്മദിയ്യ ഖിലാഫത്തിനുള്ള അല്ലാഹുവിന്റെ പിന്തുണയും നബി(സ)തിരുമേനിയുടെ ദാസത്വത്തിൽ വന്നുകൊണ്ട് ലോകത്തെ ഒരു ഏക സമുദായമാക്കി മാറ്റാൻ ആഗതരായ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിനുള്ള തെളിവല്ലെങ്കിൽ മറ്റെന്താണ്? അഹ്മദിയ്യ ജമാഅത്ത് മാത്രമാണ് ഇന്ന് ലോകത്ത് ഖിലാഫത്ത് സംവിധാനത്തിനുകീഴിൽ ഇസ്‌ലാമിന്റെ അഭിവൃദ്ധിക്കും പ്രചാരണത്തിനും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. പ്രതികൂലമായ അവസ്ഥയിലും നമ്മൾ കാണുന്ന ഈ അഭിവൃദ്ധികൾ അല്ലാഹുവിന്റെ കർമസാക്ഷ്യത്തിനുള്ള തെളിവുകൾ തന്നെയാകുന്നു. അതല്ലെങ്കിൽ മറ്റെന്താണ്? എന്നാൽ, കണ്ണുകൾക്ക് തിമിരം ബാധിച്ചവർക്ക് അത് കാണാൻ കഴിയുന്നില്ല. അതു കാണാൻ സാധ്യവുമല്ല.ദൈവികവാഗ്ദാനവും നബിതിരുമേനിയുടെ പ്രവചനവുമനുസരിച്ച് വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)മുഖേന സ്ഥാപിതമായ ഖിലാഫത്തുൻ അലാ മിൻഹാജിന്നുബുവ്വ ഖിയാമത്തുന്നാൾവരേയും സ്ഥായിയായി തുടരുന്നതായിരിക്കും. ഇൻശാഅല്ലാഹ്. ഒരു ശത്രുവിനും അതിന് ഒരു പോറലു മേല്പിക്കാൻ കഴിയുകയില്ല.

അതുകൊണ്ട് നമ്മുടെ വിശ്വാസങ്ങളെ കൂടുതൽ പ്രോജ്ജ്വലമാക്കാനും അഹ്മദിയ്യ ഖിലാഫത്തുമായി തങ്ങളെ അടുപ്പിച്ച് നിറുത്താനും അതിനെ നിലനിറുത്താനും അതിനുവേണ്ടിയുള്ള ത്യാഗത്തിൽനിന്ന് പിന്മാറാതിരിക്കാനും നമ്മൾ ശ്രമിക്കേണ്ടതാണ്. അല്ലാഹു നമുക്കതിന് തൗഫീഖ് നല്കുമാറാകട്ടെ.


•••

**(പേജ് 1ൽനിന്ന്)**

നിങ്ങൾ നിങ്ങളെ ആക്കാതിരിക്കുക. അഹങ്കാരികളായവരെ കാണാൻ അവസരം കിട്ടിയിട്ടുള്ളവർക്കറിയാം അവരുടെ ജീവിതം കൊടും കയ്പോടുകൂടിയാണ് കഴിഞ്ഞുപോകുന്നതെന്ന്. കാരണം ഒരു ഭാഗത്ത് അവർ തങ്ങളെ ഏതോ അത്ഭുതകരമായ വസ്തുവാണെന്ന് മനസ്സിലാക്കാൻ തുടങ്ങുന്നു. മറുഭാഗത്ത് അവന് തന്റെ ദേശവാസികളോടൊപ്പം ചേർന്ന് കഴിയേണ്ടിയുംവരുന്നു. അതുകൊണ്ട് വിസ്മയകരമായ വിവിധ വികാരങ്ങളിൽ അവന്റെ ജീവിതം കഴിയേണ്ടിവരുന്നു. തങ്ങളെ മറ്റു ഹിന്ദുസ്ഥാനികളെക്കാൾ ഉന്നതരായി മനസ്സിലാക്കുന്ന ഇക്കാലത്തെ ഇംഗ്ലീഷ് സംസാരിക്കുന്ന വിഭാഗം - യൂറോപ്യർ അവരെ നോക്കുന്നതുപോലുമില്ല- ഇതേ കെടുതിയിൽ അകപ്പെട്ടിരിക്കുകയാണ്. അവരുടേതെന്താണോ അവിടെ താമസിക്കാൻ ഇഷ്ടപ്പെടുന്നില്ല. ഏതിലാണോ അവർ താമസിക്കാനാഗ്രഹിക്കുന്നത് അതിനെ അവർ നിന്ദ്യമായി മനസ്സിലാക്കുന്നു. അതുകൊണ്ടു പറഞ്ഞു, എന്തായാലും സ്വന്തമാളുകളിൽ നീ താമസിക്കണം. അതിനാൽ നിന്റെ ജീവിതം അവിടെയാകാത്ത വിധമുള്ള മാനസികാവസ്ഥ നീ ഉണ്ടാക്കുക.

ലൻതബ്‌ലുഗൽ ജിബാലു ത്വൂലാ ജബ്‌ലിന് പർവ്വതമെന്നും അർഥമുണ്ട്. സയ്യിദുൽഖൗമി എന്നുംആലിമു ഖൗമി എന്നുമുണ്ട്. അതായത് ജനതയുടെ നേതാവ്. ജനതയയുടെ ആലിം. ഇവിടെ ജബാൽ എന്നതുകൊണ്ടുള്ള ഉദ്ദേശ്യം രണ്ടാമത്തെ അർഥമാണ്. അതായത് ജനതയുടെ നേതാക്കൾ. ജനതയുടെ ഉലമാ. ഇവിടെ നിനക്ക് ജനതയുടെ നേതാവിനും ജനതയുടെ ആലിമിനും തുല്യമാകാൻ പറ്റുകയില്ലെന്നാണ് പറഞ്ഞിട്ടുള്ളത്, അതിലുള്ള സൂചന ജനതയിൽ മഹത്ത്വം സേവനംകൊണ്ടാണ് ലഭിക്കുന്നത്, അല്ലെങ്കിൽ അറിവുകൊണ്ടാണ്. ഈ രണ്ടുതരത്തിലുള്ള ആളുകളും വിനയത്തിന്റെ മാതൃകയായിരിക്കും. സയ്യിദുൽഖൗമി ഖാദിമുഹും അറബിയിലെ ഭാഷാപ്രയോഗമാണെന്നതുപോലെ. അതായത് ജനതയുടെ നേതാവ് യഥാർഥത്തിൽ അവരുടെ സേവകനാകുന്നു. ഇപ്രകാരം പറയുന്നു:ഇന്നമാ യഖ്ശല്ലാഹ മിൻ ഇബാദിഹിൽ ഉലമാഉ (35:29)അല്ലാഹുവിന്റെ ദാസരിൽ ജ്ഞാനികൾ മാത്രമെ അവനെ ഭയപ്പെടുന്നുള്ളു. അതായത് എത്രത്തോളം മനുഷ്യൻ അറിവിൽ അഭിവൃദ്ധിപ്പെടുന്നുവോ അവന്റെ ദൈവഭയം വർധിക്കുന്നു. അതുകൊണ്ട് ഈ വാക്യത്തിൽ പറഞ്ഞിട്ടുള്ളത് അഹങ്കരിച്ചുകൊണ്ട് നിനക്ക് ജനതയുടെ നേതാവാകാൻ പറ്റുകയില്ല. ജനതയുടെ ഉലമാഇൽപെടാനും സാധിക്കുകയില്ല. കാരണം അഹങ്കാരം നിന്നെ നിന്റെ ജനതയിൽനിന്ന് ദൂരത്താക്കുന്നു. ഇപ്രകാരം അല്ലാഹുവിൽനിന്നും ദൂരത്താക്കുന്നു. നീ മഹത്ത്വം ആഗ്രഹിക്കുന്നവനാണെങ്കിൽ അപ്പോഴും അഹങ്കാരംകൊണ്ട് സ്വന്തം നഷ്ടം വരുത്തുന്നു. എന്തുകൊണ്ടെന്നാൽ ആ കർമംകൊണ്ട് നിന്റെ മനസ്സിൽ ഏതൊരുകാര്യമാണോ ഉള്ളത് അതിൽനിന്ന് നീ തന്നെ നിന്നെ തടയുകയാണ് ചെയ്യുന്നത്. അതുകൊണ്ട് അഹങ്കരിക്കരുത്. ഇനി നിന്റെ ഉള്ളിൽഎന്തെങ്കിലും സൽഗുണമുണ്ടെങ്കിൽ അതിന്റെ സഹായംകൊണ്ട് ജനതയ്ക്ക് ഗുണമെത്തിക്കുക; നീ ജനതയുടെ നേതാവാകുന്നതിനുവേണ്ടി. ദീനീപരമായ എന്തെങ്കിലും സൽഗുണമുണ്ടെങ്കിൽ അതുമുഖേനജനതയ്ക്ക് ഗുണമെത്തിക്കുക;അല്ലാഹുവിന്റെ ദൃഷ്ടിയിൽ പ്രിയനാകുന്നതിനുവേണ്ടി.

എത്ര സൂക്ഷ്മമായ നിലയിലാണ് ഇവിടെ അഹങ്കാരത്തിൽനിന്ന് തടയപ്പെട്ടിട്ടുള്ളത്. ഇതിനുള്ള ഉദാഹരണവും ലോകത്തെ മറ്റൊരു ഗ്രന്ഥത്തിനും അവതരിപ്പിക്കാൻ കഴിയുകയില്ല.(തഫ്സീറെ കബീർ ,വാള്യം 4, പേജ് 335, പ്രസാധനം 2010 ഖാദിയാൻ)




Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin